VOL NO: 05 I ISSUE 28
www.nerpatham.com
mail@nerpatham.com
2021 JULY 17 I ₹12

# നേർപഥം

വാരിക

# നിർഭയത്വം സമാധാനം ഇസ്‌ലാം

ഭയത്തിന്റെയും ആധിയുടെയും പിടിയിലമരുന്നവർക്ക് ജീവിതത്തിലെ സന്തോഷവും ഉത്സാഹവും ചോർന്ന് പോകും. നിരാശയും നിഷ്‌ക്രിയത്വവും അവരെ പിടികൂടും. പ്രായോഗിക ചിന്തകളിൽനിന്ന് സാങ്കൽപിക മിഥ്യാലോകങ്ങളിൽ മനസ്സ് തളയ്ക്കപ്പെടും. ഇവിടെ മുഴുവൻ മേഖലകളിലും നിർഭയത്വം പ്രഘോഷിക്കുന്ന ഇസ്‌ലാമിന്റെ ദർശനങ്ങൾ മാത്രമെ അവനെ സമാധാനചിത്തനാക്കൂ.

- ആദർശ പ്രതിബദ്ധതയുടെ ബലിപെരുന്നാൾ

- ഒരു സമൂഹം ഒരേയൊരു മാർഗം
- ഇബ്‌റാഹീം നബിയുടെ ആദർശ ജീവിതം
- വ്യാജ ഫോൺവിളി; അധ്യാപകർക്ക് പറയാനുള്ളത്

# ഇനി പഠനം രസകരമാകും

peaceradio

# e മദ്റസ

## റെഗുലർ കോഴ്സ്

- Class Tests
- Activities
- Star of the Week
- Parent Review
- Final Exam
- Phone in Viva
- Live Chat

നമ്മുടെ
കൂട്ടുകാരെ
രജിസ്റ്റർ ചെയ്യാൻ
**മറക്കരുത്**

വീഡിയോ ക്ലാസുകൾ ലഭിക്കാൻ
Zameel Online Library
സന്ദർശിക്കുക

പ്രക്ഷേപണം
ഇന്ത്യൻ സമയം
01:30 PM

പീസ് റേഡിയോ നിങ്ങളുടെ
ഫോണിൽ ലഭിക്കുവാൻ

Android App on Google play

Available on the App Store

Peace Radio

RadioForPeace

0234
നേർപഥം
വാരിക

2021 ജൂലൈ 17
1442 ദുൽഹിജ്ജ 06
പുസ്തകം 05 / ലക്കം 28

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly







05
മുഖമൊഴി
ആദർശ പ്രതിബദ്ധതയുടെ ബലിപെരുന്നാൾ
എഡിറ്റർ

06
ലേഖനം
ഒരു സമൂഹം ഒരേയൊരു മാർഗം
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

18
ലേഖനം
വ്യാജ ഫോൺവിളി;
അധ്യാപകർക്ക് പറയാനുള്ളത്
മുസ്‌ലിം ബിൻ ഹൈദർ

23
ലേഖനം
ഇബ്‌റാഹീം നബിയുടെ ആദർശ ജീവിതം
ഉസ്മാൻ പാലക്കാഴി

23
ആരോഗ്യപഥം
മുട്ടുവേദനയും സ്ത്രീകളും
സാജിദ പർവീൻ

26
ചരിത്രപഥം
മദീനയിലേക്കുള്ള പലായനം
ഹുസൈൻ സലഫി, ഷാർജ

30
വിവർത്തനം
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

34
ബാലപഥം
വീട് / മുറ്റം
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര

ചലനങ്ങൾ

WISDOM ഡയലോഗ് 4.0

# 'ജിഹാദ്' സമാധാനത്തിന്റെ മാനവിക ശബ്ദം: വിസ്ഡം യൂത്ത്

മലപ്പുറം: സഹജീവികളുടെയും സമൂഹത്തിന്റെയും സ്വൈര്യവും സമാധാനവും തനിക്കെന്നപോലെ വളരെ പരമപ്രധാനമാണെന്നും അതിനുവേണ്ടിയുള്ള സഹനവും സഹകരണവും അടങ്ങിയ ജീവിതത്തിന്റെ പ്രായോഗിക മാർഗനിർദേശങ്ങളടങ്ങിയതാണ് ജിഹാദെന്നും അത് സമാധാനത്തിന്റെ മാനവിക ശബ്ദമാണെന്നും വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച 'ഡയലോഗ്' വൈജ്ഞാനിക സംഗമം അഭിപ്രായപ്പെട്ടു.

വൃദ്ധരായ മാതാപിതാക്കൾക്ക് തണലൊരുക്കലും അനാഥരെ സംരക്ഷിക്കലും ക്ഷമയും സഹനവും ജീവിതചര്യയാക്കലും വിധവകൾക്ക് സുരക്ഷയൊരുക്കലുമെല്ലാം ജിഹാദാണെന്നിരിക്കെ അതിനെ ഭീകരതയോട് ചേർത്തുപറയുന്നത് നീതിയല്ല.

ഒരു ജീവിയെയും അന്യായമായി ഉപദ്രവിക്കാൻ പാടില്ല എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. നിരപരാധികളെ കൊന്നൊടുക്കുന്ന ബോംബ് സംസ്കാരങ്ങൾക്ക് ഇസ്‌ലാമിൽ ഇടമില്ല.

ലോകത്ത് നടക്കുന്ന ഭീകരാക്രമണങ്ങൾക്ക് 'ജിഹാദി'ന്റ പരിവേഷം നൽകി വിശുദ്ധവൽകരിക്കുന്ന പ്രവണത മാനവികതയ്ക്കും മതമൂല്യങ്ങൾക്കും വെല്ലുവിളിയാണ്. ഭീകരരുടെ ചെയ്തികൾ വലിയ കുറ്റമാണെന്നതുപോലെ അതിനെ ജിഹാദ് പോലെയുള്ള വിശുദ്ധ ശബ്ദങ്ങളോട് ചേർത്തുപറഞ്ഞ് ഭീകരരുടെ പ്രവർത്തനങ്ങൾക്ക് ന്യായീകരണമുണ്ടാക്കിക്കൊടുക്കുന്നതിനെയും വലിയ അപരാധമായി കാണാൻ സമൂഹം തയ്യാറാകണം.

അരുതായ്മകളിലേക്ക് ജിഹാദിനെ ചേർത്തുപറയുന്ന പ്രവണത ഉൽബുദ്ധ കേരളത്തിലും വർധിച്ച് വരുന്നത് ആശങ്കയുണ്ടാക്കുന്നുണ്ട്. നൂറ്റാണ്ടുകളായി രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്ത് സൂക്ഷിച്ചുകൊണ്ട് കഴിഞ്ഞുകൂടുന്ന മുസ്‌ലിം സമുദായാംഗങ്ങളെ ജിഹാദി വിളിയിലൂടെ ഭീകരരാക്കാൻ ശ്രമിക്കുന്ന ചിലരുടെ കുത്സിത ശ്രമങ്ങളെ ഭരണകൂടം കണ്ടില്ലെന്ന് നടിക്കരുത്, അവരെ കർശന നിയമ നടപടിക്ക് വിധേയമാക്കുകയും വേണം.

സമൂഹമാധ്യമങ്ങളിലൂടെ ന്യൂനപക്ഷ വിഭാഗങ്ങളുടെ പേരിൽ നടക്കുന്ന സ്പർധയുണ്ടാക്കുന്ന ചർച്ചകളുടെ പിന്നിലുള്ള ശക്തികളെ പുറത്തേക്ക് കൊണ്ടുവരാൻ സമൂഹം ശ്രമിക്കണം. ഭിന്നിപ്പിച്ച് സാമുദായിക ധ്രുവീകരണത്തിനായി ശ്രമിക്കുന്ന സംഘപരിവാര അജണ്ടകൾ തിരിച്ചറിയാൻ സാമുദായിക നേതൃത്വം തയ്യാറാകണം.

'ജിഹാദ് ഒരു ഭീകര കഥയല്ല' എന്ന തലക്കെട്ടിൽ വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച 'ഡയലോഗ്' വൈജ്ഞാനിക സംഗമം ദമ്മാം ജാലിയാത്തിലെ മലയാള വിഭാഗം മേധാവി അബ്ദുൽ ജബ്ബാർ അബ്ദുല്ല മദീനി ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രവർത്തക സമിതിയംഗം അബ്ദുറഹ്മാൻ ചുങ്കത്തറ മോഡറേറ്ററായിരുന്നു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ഭാരവാഹികളായ പ്രൊഫ.ഹാരിസുബ്നു സലീം, അബ്ദുൽ മാലിക് സലഫി, മുജാഹിദ് ബാലുശ്ശേരി, സി.പി സലീം, കുവൈത്ത് യൂണിവേഴ്സിറ്റി ഗവേഷക വിദ്യാർഥി പി.എൻ അബ്ദുറഹ്മാൻ അബ്ദുല്ലത്വീഫ്, വിസ്ഡം യൂത്ത് സംസ്ഥാന സമിതിയംഗം ടി.കെ നിഷാദ് സലഫി, ഡോ.അബ്ദുല്ല ബാസിൽ സി.പി തുടങ്ങിയവർ പ്രബന്ധമവതരിപ്പിച്ചു.

മുഖമൊഴി

# ആദർശ പ്രതിബദ്ധതയുടെ ബലിപെരുന്നാൾ

ആഘോഷങ്ങളില്ലാത്ത മതങ്ങളില്ല ലോകത്ത്. വ്യത്യസ്ത രീതിയും സ്വഭാവവുമാണ് ഓരോ ആഘോഷത്തിനുമുള്ളത്. ഓരോ മതത്തിന്റെയും ഓരോ ആഘോഷത്തിനും പിന്നിൽ എന്തെങ്കിലും വിശ്വാസങ്ങൾ കാണാവുന്നതാണ്. മദ്യപാനവും മറ്റും അധർമങ്ങളും ആഘോഷത്തിന്റെ ഭാഗമായി ചെയ്യുന്നവരുണ്ട്. അതൊന്നുമില്ലെങ്കിൽ പിന്നെ എന്ത് ആഘോഷം എന്നാണ് അത്തരക്കാർ ചിന്തിക്കുന്നത്.

എന്നാൽ ഇസ്‌ലാം ഈ രംഗത്തും വ്യത്യസ്തത പുലർത്തുന്നു. ലഹരിയിൽ ആറാടി ആടിപ്പാടാനും അനാവശ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുമുള്ള അവസരമായല്ല ഇസ്‌ലാം ആഘോഷങ്ങളെ കാണുന്നത്. സ്രഷ്ടാവിനെ മറന്ന് തിമർത്താടാനുള്ള വേളയല്ല അത്. മറിച്ച് ഇസ്‌ലാമിലെ ആഘോഷങ്ങൾ പ്രാർഥനാമയമാണ്. പെരുന്നാൾ കടന്നുവരുമ്പോൾ എക്സൈസ് വകുപ്പിനോട് ജാഗ്രത പാലിക്കാൻ കൽപന കൊടുക്കേണ്ട അവസ്ഥ സർക്കാരിനുണ്ടാകുന്നില്ല. പെരുന്നാൾ ദിവസം മദ്യവിൽപനയിലൂടെ സർക്കാർ സമ്പാദിച്ച കോടികളുടെ കണക്ക് പത്രങ്ങൾക്ക് പ്രസിദ്ധീകരിക്കേണ്ടിവരാറുമില്ല.

മുസ്‌ലിംകൾക്ക് രണ്ടേ രണ്ട് ആഘോഷങ്ങളാണ് ഇസ്‌ലാം നിശ്ചയിച്ചിട്ടുള്ളത്. വ്രതശുദ്ധിയുടെ നിറവിൽ ശവ്വാൽ മാസപ്പിറവിയോടെ സമാഗതമാകുന്ന ഈദുൽ ഫിത്വ്‌റും ഇബ്‌റാഹീം നബി عليه السلام യുടെയും മകൻ ഇസ്മാഈൽ നബി عليه السلام യുടെയും ത്യാഗസ്മരണകളുയർത്തുന്ന ഹജ്ജ് മാസത്തിൽ കൊണ്ടാടുന്ന ഈദുൽ അദ്ഹയുമാണവ. കൃത്യമായ ലക്ഷ്യവും സന്ദേശവുമുണ്ട് എന്നതാണ് ഇസ്‌ലാമിലെ ആഘോഷങ്ങളുടെ സവിശേഷത.

ഏകദൈവ വിശ്വാസത്തിൽ കണിശമായ പ്രതിബദ്ധത പുലർത്തിയതിന്റെ പേരിൽ ഇബ്‌റാഹീം നബി عليه السلام ക്ക് തന്റെ പിതാവിനെതിരിൽ നിൽക്കേണ്ടിവന്നു എന്നത് ചരിത്രസത്യമാണ്. ബഹുദൈവാരാധകനായിരുന്ന പിതാവിനോട് ആദർശത്തിന്റെ കാര്യത്തിൽ തെല്ലും വിട്ടുവീഴ്ച കാണിക്കുവാൻ ഇബ്‌റാഹീം നബി عليه السلام ഒരുക്കമായിരുന്നില്ല. എന്നാൽ പിതാവിനോടുള്ള ആദരവ് അദ്ദേഹം കയ്യൊഴിച്ചതുമില്ല. അമുസ്‌ലിമാണ് എന്നതിനാൽ അദ്ദേഹം സ്വപിതാവിനെ അവഗണിക്കുകയോ നിന്ദിക്കുകയോ ചെയ്തില്ല.

ഇബ്‌റാഹീം നബി عليه السلام ഉൾപ്പെടുന്ന പ്രവാചകന്മാർ മനുഷ്യരാശിയുടെ മാർഗദർശികളായിത്തീരുന്നത് അവർ തൗഹീദ് ആദർശമായി അംഗീകരിക്കുകയും ധാർമിക ജീവിതം നയിക്കുകയും നന്മ പ്രവർത്തിച്ചുകൊണ്ട് സ്രഷ്ടാവിന്റെ പ്രീതി കരസ്ഥമാക്കുകയും ചെയ്തതുകൊണ്ടാണ്. ഇസ്‌ലാം ആവശ്യപ്പെടുന്ന കാര്യങ്ങൾ നിർവഹിച്ചുകൊണ്ടല്ലാതെ ഏതൊരു വ്യക്തിക്കും സ്രഷ്ടാവിന്റെ അനുഗ്രഹവും തൃപ്തിയും നേടിയെടുക്കാൻ കഴിയില്ല എന്ന പരമാർഥത്തിന്റെ സാക്ഷ്യങ്ങളാണ് ഇബ്‌റാഹീം عليه السلام ഉൾപ്പെടെയുള്ള പ്രവാചകന്മാരുടെ ജീവിത ചരിത്രം.

എന്നാൽ ഇന്ന് ആദർശത്തെ സന്ദർഭത്തിനനുസരിച്ച് നീട്ടിവലിക്കാനും മറച്ചുവെക്കാനുമുള്ള പ്രവണത മുസ്‌ലിംകൾക്കിടയിൽ കാണുവാൻ സാധിക്കുന്നു. ഒരു ബഹുമത സമൂഹത്തിൽ ജീവിക്കുമ്പോൾ കുറച്ചൊക്കെ ആദർശപരമായ നീക്കുപോക്കുകൾ നടത്തേണ്ടിവരും എന്ന് പലരും ചിന്തിക്കുന്നു. ക്വുർആനും നബിചര്യയും പഠിപ്പിക്കുന്ന കാര്യങ്ങളൊക്കെയും ഉൾക്കൊണ്ടുകൊണ്ട് എങ്ങനെ ജീവിക്കും എന്ന അപകർഷതാബോധം നിറഞ്ഞ ചിന്ത പലരിലും പ്രകടമാണ്. ആദർശ ദൃഢതയില്ലാത്ത ഇത്തരക്കാർ ഇബ്‌റാഹീം നബി عليه السلام യുടെ മാർഗം പിന്തുടരുന്നവരാണ് തങ്ങൾ എന്ന് പ്രഖ്യാപിക്കുന്നത് വിരോധാഭാസമാണ്.

ആഘോഷ വേളയിൽ നാം കോവിഡ് ബാധിച്ച് പ്രയാസമനുഭവിക്കുന്നവരെയും കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങളെയും വിസ്മരിക്കാതിരിക്കുക. ആഘോഷിക്കാനുള്ള മാനസികാവസ്ഥയിലായിരിക്കില്ല പലരും. സാന്ത്വനവും സഹായവുമായി അവരിലേക്കിറങ്ങിച്ചെല്ലുന്നത് പുണ്യപ്രവർത്തനമാണെന്നറിയുക.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

ലേഖനം



# ഒരു സമൂഹം ഒരേയൊരു മാർഗം

നബിﷺ തന്റെ പുത്രി റുകിയ്യ(റ)യെ അന്ത്യയാത്രയാക്കിയപ്പോൾ പറഞ്ഞു: “മകളേ, നല്ലവരായ നമ്മുടെ പൂർവികന്മാരുടെ കൂട്ടത്തിലേക്ക് നീയും തിരിച്ചുചെല്ലൂ. ഉഥ്മാനുബ്നു മള്ഊനിനെപ്പോലെയുള്ളവരുടെ കൂട്ടത്തിലേക്ക്.”

ജീവിതത്തിൽനിന്ന് ഞെട്ടറ്റുവീഴുന്ന വിശ്വാസികളെ മറവുചെയ്യുമ്പോഴും, അതിനുമുമ്പ് അവരെ സത്യമാർഗത്തിലേക്ക് ഉദ്ബോധനം നടത്തിയപ്പോഴുമെല്ലാം ഇഹലോകത്തുനിന്ന് പരലോകത്തേക്ക് നീണ്ടുപോകുന്ന, സ്വർഗംവരെ എത്തിനിൽക്കുന്ന നല്ലവരുടെ ഒരു മാർഗത്തെപ്പറ്റി നബിﷺ പ്രത്യേകം ഉണർത്തിയിരുന്നു. ഒരിക്കൽ നബിﷺ ഇക്കാര്യം ഒരു ചിത്രം വരച്ചുതന്നെ പഠിപ്പിച്ചു.

ഇബ്നു മസ്ഊദ്﵁ പറയുന്നു: “നബിﷺ നിലത്ത് ഒരു നേർരേഖ വരച്ചു. പിന്നീട് അതിന്റെ വലത്തും ഇടത്തും വേറെയും രേഖകൾ വരച്ചു. എന്നിട്ട് മധ്യത്തിലുള്ള നേർരേഖയിൽ വിരൽവെച്ചുകൊണ്ട് ഈ ക്വുർആൻ വചനം ഓതി: ‘ഇത് എന്റെ പാത. നേരേചൊവ്വെയുള്ള പാത. ഇത് നിങ്ങൾ പിൻപറ്റുക. മറ്റുവഴികളെ പിൻപറ്റുകയും ചെയ്യരുത്. അവ നിങ്ങളെ അല്ലാഹുവിന്റെ മാർഗംവിട്ടു ഭിന്നിപ്പിക്കും. അത് സൂക്ഷ്മത പാലിക്കുവാൻ വേണ്ടി നിങ്ങളോട് വസ്വിയ്യത്ത് ചെയ്യുകയാണ്” (അൽഅൻആം 153).

‘അസ്സ്വിറാത്വുൽ മുസ്തക്വീം’ അഥവാ നേർവഴി എന്നാണ് ക്വുർആനും നബിവചനങ്ങളും ഈ രേഖയെ വിശേഷിപ്പിച്ചത്.

മുമ്പേ നടന്നവരുടെ വഴിയാണ് സ്വിറാത്വുൽ മുസ്തക്വീം. മനുഷ്യസമൂഹത്തിന്റെ ഈ ജീവിതവഴിയിൽ മുന്നിൽ നടക്കാൻ തുടങ്ങിയത് ആദം﵇ ആണ്. അദ്ദേഹത്തെ അല്ലാഹു സ്വർഗത്തിൽനിന്ന് ഭൂമിയിലേക്ക് ജീവിക്കാനയച്ചു:

“നാം പറഞ്ഞു. നിങ്ങളെല്ലാവരും അവിടെ(സ്വർഗത്തിൽ)നിന്ന് ഇറങ്ങിപ്പോകുക. എന്നിട്ട് എന്റെ പക്കൽനിന്നുള്ള മാർഗനിർദേശം നിങ്ങൾക്ക് വന്നുകഴിഞ്ഞാൽ എന്റെ മാർഗദർശനം ആർ പിൻപറ്റുന്നുവോ അവർക്കു ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല” (അൽബക്വറ 38).

ആദം﵇ ആരംഭിച്ച ഈ പ്രയാണം മാനവകുലത്തിന്റെ ജീവിതപ്രയാണമായിരുന്നു. അദ്ദേഹത്തിന്റെ തൊട്ടുപിന്നാലെ ഭാര്യയുമുണ്ട്. സ്വർഗത്തിൽ നിന്നു തുടങ്ങി ഇഹലോകജീവിതം വഴി സ്വർഗത്തിലേക്കുതന്നെ തിരിച്ചെത്തുന്ന ജീവിതയാത്ര.

## രണ്ടുവഴികൾ

ആദം ദമ്പതികളുടെ കൂടെ ചെകുത്താനും ഇഹലോക ജീവിതത്തിലേക്കിറങ്ങിവന്നു:

“അവൻ (ഇബ്‌ലീസ്) പറഞ്ഞു: നീ എന്നെ വഴിപിഴപ്പിച്ചതിനാൽ നിന്റെ നേരായ പാതയിൽ അവർ (മനുഷ്യർ) പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും. പിന്നീട് അവരുടെ മുന്നിലൂടെയും അവരുടെ പിന്നിലൂടെയും അവരുടെ വലതുഭാഗങ്ങളിലൂടെയും ഇടതുഭാഗങ്ങളിലൂടെയും ഞാൻ അവരുടെ അടുത്ത് ചെല്ലുക തന്നെ ചെയ്യും. അവരിൽ അധികപേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുന്നതല്ല” (അൽ അഅ്റാഫ് 16,17).

ആദം﵇ നടത്തം ആരംഭിച്ച സ്വർഗത്തിലേക്കുള്ള വഴിക്കു സമാന്തരമായി പിശാചും വേറൊരു വഴിക്കു നടക്കാൻ തുടങ്ങി. സത്യത്തിന്റെയും അസത്യത്തിന്റെയും രണ്ടു വഴികൾ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടു. പിന്നീട് ആദം സന്തതികൾ ഈ രണ്ടു വഴികളിലും അണിനിരന്നു. ആദമിന്റെ രണ്ടു മക്കളിൽ ഒരാൾ (ഹാബീൽ) പിതാവിന്റെ പിന്നിലും മറ്റെയാൾ (ഖാബീൽ) പിശാചിന്റെ പിന്നിലും അണിനിരന്നു. അല്ലാഹു പറയുന്നു:

“(നബിയേ,) നീ അവർക്ക് ആദമിന്റെ രണ്ടു പുത്രൻമാരുടെ വൃത്താന്തം സത്യപ്രകാരം പറഞ്ഞുകേൾപിക്കുക: അവർ ഇരുവരും ഓരോ ബലിയർപ്പിച്ച സന്ദർഭം, ഒരാളിൽ നിന്ന് ബലി സ്വീകരിക്കപ്പെട്ടു. മറ്റവനിൽ നിന്ന് സ്വീകരിക്കപ്പെട്ടില്ല. മറ്റവൻ പറഞ്ഞു: ഞാൻ നിന്നെ കൊലപ്പെടുത്തുക തന്നെ ചെയ്യും. അവൻ (ബലിസ്വീകരിക്കപ്പെട്ടവൻ) പറഞ്ഞു: ധർമനിഷ്ഠയുള്ളവരിൽ നിന്നു മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളൂ. എന്നെ കൊല്ലുവാൻ വേണ്ടി നീ എന്റെ നേരെ കൈനീട്ടിയാൽ തന്നെയും, നിന്നെ കൊല്ലുവാൻ വേണ്ടി ഞാൻ നിന്റെ നേരെ കൈനീട്ടുന്നതല്ല. തീർച്ചയായും ഞാൻ ലോകരക്ഷിതാവായ അല്ലാഹുവെ ഭയപ്പെടുന്നു” (അൽമാഇദ 27,28).

അങ്ങനെ ഹാബീലും ഖാബീലും രണ്ടുവഴിക്ക് നീങ്ങി.





ആദമിന്റെ മക്കൾ പെരുകിത്തുടങ്ങി. പലരും പല വഴികളിൽ നീങ്ങി. ചിലർ സ്വർഗത്തിൽനിന്നു തുടങ്ങി സ്വർഗത്തിൽ തന്നെ എത്തുന്ന, ആദം(അ) മുന്നിൽ നടക്കുന്ന വഴിയുടെ പിന്നിൽനിന്നു. വേറെ ചിലർ പിശാച് മുന്നിൽ നടക്കുന്ന വഴിയാണ് തുടർന്നത്. പിന്നീട് പിശാചിന്റെ ലൈൻ നീളംകൂടി. പല ലൈനുകളും അതിന്റെ ശാഖകളായുണ്ടായി. ആദമിന്റെ ലൈൻ ഒന്നുമാത്രം. അല്ലാഹു പറഞ്ഞു:

"ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (അൽഅൻആം 153).

ഈ സ്വിറാത്വുൽ മുസ്തക്വീമിൽ മുമ്പേ നടന്നവരാണ് പ്രവാചകന്മാർ. പല നബിമാരുടെയും പിതാക്കളെ ആദം(അ) തുടങ്ങിയ ലൈനിൽ കാണുന്നില്ല. ഉദാഹരണമായി ഇബ്‌റാഹീം നബി(അ)യുടെ പിതാവ്. അദ്ദേഹം എതിർലൈനിൽ നിൽക്കുന്നത് കാണാം. പലരുടെയും ഭാര്യമാർ അപ്പുറത്താണ്. പലരുടെയും മക്കൾ അപ്പുറത്തെ പിശാചിന്റെ വഴിയിലാണ്. ഫിർഔൻ പിശാചിന്റെ വരിയിലും ഭാര്യ നേർവരിയിലുമാണ്. രണ്ടുവരിയിലും അണിനിരന്നവരിൽ നിന്ന് ആയുസ്സ് തീർന്നവർ മുമ്പേ കടന്നുപോയി. ഒന്നുകിൽ സ്വർഗത്തിന്റെ മാർഗത്തിലൂടെ, അല്ലെങ്കിൽ നരകത്തിന്റെ വഴിയിലൂടെ. അവർ ജീവിതത്തിന്റെ ഫലം ആസ്വദിച്ചു തുടങ്ങി.

## നമ്മുടെ വഴി

ആദം(അ) മുന്നിൽ നടക്കുന്ന, സത്യസന്ധരും രക്തസാക്ഷികളും സച്ചരിതരും പിന്തുടർന്ന ഒരു വഴിയാണ് നാം തെരഞ്ഞെടുത്തിട്ടുള്ളത്. ആ വരിയിൽ അണിനിരന്നവരുടെ പ്രത്യേകതകളെന്താണ്? ക്വുർആനിൽ തന്നെ വായിക്കുക:

"പരമകാരുണികന്റെ ദാസൻമാർ ഭൂമിയിൽ കൂടി വിനയത്തോടെ നടക്കുന്നവരും, അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി മറുപടി നൽകുന്നവരുമാകുന്നു. തങ്ങളുടെ രക്ഷിതാവിന് പ്രണാമം ചെയ്യുന്നവരായിക്കൊണ്ടും നിന്ന് നമസ്കരിക്കുന്നവരായിക്കൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരുമാകുന്നു അവർ. ഇപ്രകാരം പറയുന്നവരുമാകുന്നു അവർ: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു. ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ. അല്ലാഹുവോടൊപ്പം വേറെയൊരു ആരാധ്യനെയും വിളിച്ചു പ്രാർഥിക്കാത്തവരും അല്ലാഹു പവിത്രമാക്കിവെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചു കളയാത്തവരും വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്ന പക്ഷം അവൻ പാപഫലം കണ്ടെത്തുക തന്നെ ചെയ്യും. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവന്നു ശിക്ഷ ഇരട്ടിയാക്കപ്പെടുകയും നിന്ദ്യനായിക്കൊണ്ട് അവൻ അതിൽ എന്നെന്നും കഴിച്ചുകൂട്ടുകയും ചെയ്യും. പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെ


യ്തവരൊഴികെ. അത്തരക്കാർക്ക് അല്ലാഹു തങ്ങളുടെ തിന്മകൾക്ക് പകരം നന്മകൾ മാറ്റിക്കൊടുക്കുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായിരിക്കുന്നു. വല്ലവനും പശ്ചാത്തപിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്യുന്നപക്ഷം അല്ലാഹുവിങ്കലേക്ക് ശരിയായ നിലയിൽ മടങ്ങുകയാണ് അവൻ ചെയ്യുന്നത്. വ്യാജത്തിന് സാക്ഷിനിൽക്കാത്തവരും, അനാവശ്യവൃത്തികൾ നടക്കുന്നേടത്തുകൂടി പോകുകയാണെങ്കിൽ മാന്യൻമാരായിക്കൊണ്ട് കടന്നുപോകുന്നവരുമാകുന്നു അവർ. തങ്ങളുടെ രക്ഷിതാവിന്റെ വചനങ്ങൾ മുഖേന ഉൽബോധനം നൽകപ്പെട്ടാൽ ബധിരൻമാരും അന്ധൻമാരുമായിക്കൊണ്ട് അതിൻമേൽ ചാടിവീഴാത്തവരുമാകുന്നു അവർ ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ. അത്തരക്കാർക്ക് തങ്ങൾ ക്ഷമിച്ചതിന്റെ പേരിൽ (സ്വർഗത്തിൽ) ഉന്നതമായ സ്ഥാനം പ്രതിഫലമായി നൽകപ്പെടുന്നതാണ്. അഭിവാദ്യത്തോടും സമാധാനാശംസയോടും കൂടി അവർ അവിടെ സ്വീകരിക്കപ്പെടുന്നതുമാണ്. അവർ അതിൽ നിത്യവാസികളായിരിക്കും. എത്ര നല്ല താവളവും പാർപ്പിടവും!'' (അൽഫുർകാൻ 63-76).



സ്വർഗത്തിൽനിന്ന് തുടങ്ങി സ്വർഗത്തിലേക്ക് നീളുന്ന ആ വരിയിൽ അണിനിരന്നവരുടെ വിശ്വാസങ്ങളും സ്വഭാവങ്ങളും നിഷ്ഠകളും വിശുദ്ധ ക്വുർആനിലും നബിവചനങ്ങളിലും ധാരാളമായി കാണാം. വഴിതെറ്റിക്കുന്ന പിശാചിന്റെ വലയത്തിൽ പെട്ട് ഒരുവേള ഈ വരിയിൽനിന്ന് തെറ്റിപ്പോയി കളവും വഞ്ചനയും കലഹവും വ്യാജവിശ്വാസങ്ങളും ആചാരവൈകൃതങ്ങളും ചെയ്തുപോയാൽ തന്നെ വീണ്ടും തിരിച്ചുവരാനുള്ള പഴുതുകളും ധാരാളമുണ്ട്. ദിവസവും അഞ്ചുനേരം "ഇഹ്ദിനസ്സ്വിറാത്വൽ മുസ്തക്വീം..." (നാഥാ! നീ ഞങ്ങളെ നേരായ വഴിയിൽ ചേർക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ, കോപിക്കപ്പെട്ടവരുടെയും വഴിപിഴച്ചവരുടെയും മാർഗത്തിലല്ല) എന്നിങ്ങനെ ഒറ്റക്കും കൂട്ടായും നമസ്കാരങ്ങളിൽ ഓതൽ നിർബന്ധമായ ഫാതിഹയിലൂടെ പതിനേഴ് പ്രാവശ്യം നിർബന്ധമായും ആവർത്തിച്ച് പ്രാർഥിക്കാൻ അല്ലാഹു കൽപിച്ചതും സ്വർഗത്തിലേക്കുള്ള ഈ വഴിയിൽ നിന്ന് ഒരിക്കലും തെറ്റാതിരിക്കാനാണ്. പരലോകരക്ഷയിലേക്ക് രണ്ടു ലൈനുകളില്ല. ഒന്നു മാത്രമേയുള്ളൂ. പ്രവാചകരും സ്വഹാബികളും ഹവാരിയ്യുകളും സലഫുകളും നിന്ന ഒറ്റവരി. ആ വരിയിൽ മുതിർന്ന സ്ത്രീ-പുരുഷന്മാരും യുവാക്കളും കുട്ടികളുമെല്ലാം ഉണ്ട്. സച്ചരിതരായ പൂർവികരുടെ പിന്നിൽ നാം നിലനിന്നും നമ്മുടെ പിന്നിൽ ഇളംതലമുറകളെയും അണിനിരത്തിയും സ്വിറാത്വുൽ മുസ്തക്വീമിന്റെ കണ്ണിമുറിയാതിരിക്കാൻ നാം കരുതിയിരിക്കുക.

"നൻമയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ. വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിന് ശേഷം പല കക്ഷികളായി പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്." (ആലുഇംറാൻ 105,106).

മുജീബ് ഒട്ടുമ്മൽ
mujeeb.ottummal@gmail.com



# നിർഭയത്വം സമാധാനം ഇസ്‌ലാം

**ഭയത്തിന്റെയും ആധിയുടെയും പിടിയിലമരുന്നവർക്ക് ജീവിതത്തിലെ സന്തോഷവും ഉത്സാഹവും ചോർന്ന് പോകും. നിരാശയും നിഷ്‌ക്രിയത്വവും അവരെ പിടികൂടും. പ്രായോഗിക ചിന്തകളിൽനിന്ന് സാങ്കൽപിക മിഥ്യാലോകങ്ങളിൽ മനസ്സ് തളയ്ക്കപ്പെടും. ഇവിടെ മുഴുവൻ മേഖലകളിലും നിർഭയത്വം പ്രഘോഷിക്കുന്ന ഇസ്‌ലാമിന്റെ ദർശനങ്ങൾ മാത്രമെ അവനെ സമാധാനചിത്തനാക്കൂ.**

'**പോ**വെഗ്ലിയ' ലോകത്തെ ഏറ്റവും പേടിപ്പെടുത്തുന്ന ഒരു ചെറു ദ്വീപാണ്. ഇറ്റലിയിലെ വെനീഷ്യൻ കായലിൽ സ്ഥിതിചെയ്യുന്ന ഈ ദ്വീപ് അസ്വസ്ഥമായ ഭൂതകാലം ചുമക്കുന്നതും പ്രേതസാന്നിധ്യമുണ്ടെന്ന് തദ്ദേശീയരാൽ വിശ്വസിക്കപ്പെടുന്നതുമാണ്. ഈ പ്രത്യേകതകൾ പരിഗണിച്ച് അങ്ങോട്ടുള്ള പ്രവേശനം പൊതുജനങ്ങൾക്ക് ഇറ്റാലിയൻ സർക്കാർ വിലക്കി

യിട്ടുണ്ട്. 18 ഏക്കർ മാത്രം വിസ്തീർണമുള്ള ഈ ചെറുദ്വീപ് പഴയകാലത്ത് വെനീസിന്റ സാമ്പത്തിക, വാണിജ്യകേന്ദ്രമായിരുന്നത്രെ! ഇറ്റലിയിലെ പ്രാദേശിക ഭരണകൂടങ്ങൾ തമ്മിലുള്ള യുദ്ധം കാരണമായി വിജനമായ ഈ പ്രദേശം 'ബ്യൂബോണിക് പ്ലേഗ്' എന്ന പേരിൽ കുപ്രസിദ്ധമായ പകർച്ചവ്യാധി പിടിപെട്ടവർക്കുള്ള ക്വാറന്റൈൻ കേന്ദ്രമാക്കി.

ശുശ്രൂഷയും വൈദ്യസഹായവും ലഭിക്കാതെ ഒന്നര ലക്ഷത്തോളം രോഗികൾ മരണമടഞ്ഞു. അവരുടെ ശവങ്ങൾ കത്തിച്ച് കളയുകയായിരുന്നു. അതിൽ അബോധാവസ്ഥയിലായിരുന്ന രോഗികളുമുണ്ടായിരുന്നത്രെ! അവരുടെ ആർത്തനാദങ്ങൾ മനസ്സുകളിൽ ഒരുതരം ഭീതിയുണ്ടാക്കി. ദുർബല വിശ്വാസങ്ങളാൽ പല കെട്ടുകഥകളും പ്രചരിക്കപ്പെട്ടതോടെ സമൃദ്ധമായ ഒരു പ്രദേശത്തെ കയ്യൊഴിയാൻ സമൂഹം നിർബന്ധിതരായി.

മനുഷ്യമനസ്സുകളെ അധീനപ്പെടുത്തുന്ന ഭയം രാജ്യത്തെയും സമൂഹത്തെയും എങ്ങനെ ബാധിക്കുന്നുവെന്നതിന്റ നേർചിത്രമാണ് പൊവെഗ്ലിയ എന്ന ചെറു ദ്വീപ് നമുക്ക് പകർന്ന് നൽകുന്നത്.

ഭയത്തിന്റെയും ആധിയുടെയും പിടിയിലമരുന്നവർക്ക് ജീവിതത്തിലെ സന്തോഷവും ഉത്സാഹവും ചോർന്ന് പോകും. നിരാശയും നിഷ്‌ക്രിയത്വവും അവരെ പിടികൂടും. പ്രായോഗിക ചിന്തകളിൽനിന്ന് സാങ്കൽപിക മിഥ്യാലോകങ്ങളിൽ മനസ്സ് തളയ്ക്കപ്പെടും. ചൂഷണങ്ങളും ശത്രുതയും വർധിക്കും. അധികാരക്കൊതിയിൽ ജീവന് വിലകൽപിക്കാത്ത ഭരണാധികാരിയുടെ കളിപ്പാവയായി സമൂഹം അധഃപതിക്കും. അസമാധാനത്തിലും അസ്വസ്ഥതയിലും ജീവിതം ഹോമിക്കപ്പെടും. സമാധാനത്തിന്റെ ഉപാസകർക്ക് വിഹരിക്കാനുള്ള വിളനിലം രൂപപ്പെടും.

രാഷ്ട്രനിർമാണ പ്രവർത്തനങ്ങളെയും സാമൂഹിക ഉത്ഥാനങ്ങളെയും പരിഷ്‌കരണ ബോധത്തെയും പരിവർത്തന ചിന്തയെയുമെല്ലാം തടയിടുന്ന മാനസിക വൈകല്യമായി ഭയം വിഹരിച്ചുകൊണ്ടിരിക്കും.

### ഭീതി വിതയ്ക്കുന്ന വിനകൾ

അധികാരങ്ങൾ നഷ്ടപ്പെടുമെന്ന ഭീതി കാരണമായി മനുഷ്യജീവനുകളെ വേട്ടയാടിയ നരാധമൻമാർ മാനവ ചരിത്രത്തിൽ ധാരാളമായി കാണാം. മത, വർഗ, വർണ, ജാതി ചിന്തകൾക്കതീതമായി ഒരുമിക്കാമെന്ന് വാചാലമായിരുന്ന സോഷ്യലിസ്റ്റുകൾ പോലും തൊഴിലാളിവർഗ വിപ്ലവം പ്രതിരോധിക്കപ്പെടുമെന്ന ഭീതിയിൽ റഷ്യൻ സാമ്രാജ്യത്തിന്റെ അവസാന കണ്ണിയായിരുന്ന റോമനോവ് കുടുംബത്തെ അതിക്രൂരമായി കൊലപ്പെടുത്തിയത് ചരിത്രത്താളുകളിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. ഗ്യാസ് ചേമ്പറിലിട്ട് പതിനായിരങ്ങളെ കൊന്നൊടുക്കിയ അഡോൾഫ് ഹിറ്റ്‌ലറിനെ പിടികൂടിയതും തന്റെ ഭരണനഷ്ടത്തെ കുറിച്ചുള്ള ഭീതിയായിരുന്നു.

ലോകമഹായുദ്ധങ്ങളും അനന്തര കെടുതികളുമെല്ലാം തന്നെ അധികാരിവർഗങ്ങളുടെ സ്ഥാനചലന ഭീതിയുടെ പ്രതിഫലനമായിരുന്നു. 3500ലേറെ വർഷം മുമ്പ് പുരാതന ഈജിപ്ത് ഭരിച്ചിരുന്ന ഫറോവയുടെ ക്രൂരതകളെ കുറിച്ച് വിശുദ്ധ ക്വുർആൻ പ്രതിപാദിക്കുന്നുണ്ട്. വളർന്നുവരുന്ന ഇസ്‌റാഈലീ വംശജർക്കെതിരെയായിരുന്നു ക്രൂരമായ അക്രമങ്ങളഴിച്ചുവിട്ടത്. അവരിലെ ആൺകുട്ടികളെ കൊന്നുകളയാൻ കൽപന പുറപ്പെടുവിച്ചു. തന്റെ ഭരണത്തിന് ഭീഷണിയാകുമെന്ന ഭയമായിരുന്നു ഫിർഔനെ ഇത്തരം നടപടികൾക്ക് പ്രേരിപ്പിച്ചത്. ക്വുർആൻ പറയുന്നു:

"നിങ്ങളുടെ പുരുഷസന്താനങ്ങളെ അറുകൊല ചെയ്തുകൊണ്ടും നിങ്ങ

> **ഭയത്തിന്റെയും ആധിയുടെയും പിടിയിലമരുന്നവർക്ക് ജീവിതത്തിലെ സന്തോഷവും ഉത്സാഹവും ചോർന്ന് പോകും. നിരാശയും നിഷ്‌ക്രിയത്വവും അവരെ പിടികൂടും. പ്രായോഗിക ചിന്തകളിൽനിന്ന് സാങ്കൽപിക മിഥ്യാലോകങ്ങളിൽ മനസ്സ് തളയ്ക്കപ്പെടും. ചൂഷണങ്ങളും ശത്രുതയും വർധിക്കും. അധികാരക്കൊതിയിൽ ജീവന് വിലകൽപിക്കാത്ത ഭരണാധികാരിയുടെ കളിപ്പാവയായി സമൂഹം അധഃപതിക്കും. അസമാധാനത്തിലും അസ്വസ്ഥതയിലും ജീവിതം ഹോമിക്കപ്പെടും. സമാധാനത്തിന്റെ ഉപാസകർക്ക് വിഹരിക്കാനുള്ള വിളനിലം രൂപപ്പെടും. രാഷ്ട്രനിർമാണ പ്രവർത്തനങ്ങളെയും സാമൂഹിക ഉത്ഥാനങ്ങളെയും പരിഷ്‌കരണ ബോധത്തെയും പരിവർത്തന ചിന്തയെയുമെല്ലാം തടയിടുന്ന മാനസിക വൈകല്യമായി ഭയം വിഹരിച്ചുകൊണ്ടിരിക്കും.**

ളുടെ സ്ത്രീജനങ്ങളെ ജീവിക്കാൻ വിട്ടുകൊണ്ടും നിങ്ങൾക്ക് നിഷ്ഠൂര മർദനമേൽപിച്ചുകൊണ്ടിരുന്ന ഫിർഔന്റെ കൂട്ടരിൽനിന്ന് നിങ്ങളെ നാം രക്ഷപ്പെടുത്തിയ സന്ദർഭം (ഓർമിക്കുക). നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ഒരു വലിയ പരീക്ഷണമാണ് അതിലുണ്ടായിരുന്നത്" (2:49).

ആധുനിക ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന കൂട്ടക്കുരുതികളും അക്രമങ്ങളും ആൾക്കൂട്ട കൊലപാതകങ്ങളുമെല്ലാം ഭീതിയിൽനിന്നുടലെടുത്തതാണ്. ഭീകരാക്രമണങ്ങളും ഭീകരത ആരോപിച്ചുകൊണ്ടുള്ള സാമുദായിക ഉൻമൂലനങ്ങളുമെല്ലാം ഇത്തരം ഭീതി വിതയ്ക്കുന്ന വിനകളാണ്. സാമ്രാജ്യത്വം ദാർശനിക പിൻബലം നൽകി നിർമിച്ചെടുത്ത സാമ്പത്തിക കോട്ടകളും അധീശത്വവാഴ്ചകളും ഇസ്‌ലാമിന്റെ ധാർമിക മുന്നേറ്റത്തിൽ തകർന്നടിയുമെന്ന ഭീതിയാണ് ലോകത്ത് ഇസ്‌ലാമോഫോബിയയുടെ അടിസ്ഥാന സ്രോതസ്സെന്നതും ഇതോടൊപ്പം കൂട്ടിവായിക്കേണ്ടതാണ്.



ലോകത്ത് നടക്കുന്ന കലാപങ്ങളും യുദ്ധങ്ങളും വിമോചന പോരാട്ടങ്ങളും ഭീകരാക്രമണങ്ങളും വ്യാജ ഏറ്റുമുട്ടലുകളുമെല്ലാം പരസ്പര ഭയത്തിന്റെ ഉൽപന്നങ്ങളാണെന്നതിൽ അതിശയോക്തിയില്ല.

### ഭയം ഒരു ചൂഷണോപാധി

മതേതര ഇന്ത്യയുടെ അധികാരത്തിലേക്ക് ബി.ജെ.പി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടതിലെ സാഹചര്യങ്ങളെ പഠനവിധേയമാക്കിയവർ ധാരാളം കാര്യങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. സാമ്പത്തികാധീശത്വവും കയ്യൂക്കുമെല്ലാം അതിൽ എണ്ണിപ്പറയുമ്പോൾ ദുർബല മനസ്സുകളെ കീഴ്പെടുത്താനായി അന്ധവിശ്വാസങ്ങളുടെ പ്രചാരണവും അതിലെടുത്ത് പറയുന്നുണ്ട്. നോട്ട് നിരോധനവും പാചകവാതക വില വർധനവും സാമൂഹികവർഗീകരണവുമെല്ലാം കൂടി സമൂഹം വീർപ്പമുട്ടി അതിനെതിരെ പൊതുബോധം രൂപപ്പെട്ടിട്ടും നരേന്ദ്ര മോഡിക്ക് അവതാരപരിവേഷം നൽകാൻ സംഘപരിവാര മിഷന് സാധിച്ചുവെന്നതാണ് വിജയത്തിലെ ഒരു ഘടകം.

ഭരണരംഗത്ത് അമ്പേ പരാജയമെന്ന് ഗണിക്കുമ്പോഴും ഉത്തരേന്ത്യയിലെ കുഗ്രാമങ്ങളിലെ ദുർബല വിശ്വാസികളുടെ മനസ്സുകളിൽ വളർന്ന ആൾദൈവ ഭീതി സംഘപരിവാരങ്ങൾക്കൊരു മുതൽക്കൂട്ടാകുകയായിരുന്നു. സന്യാസി വേഷങ്ങളും ജപമാലകൾ പിടിച്ചുകൊണ്ടുള്ള അധരവ്യായാമങ്ങളും പച്ച ചുറ്റിയ ചുമലുകളും ജഢപിടിച്ച മുടിയുമെല്ലാം ഉൾഭയം നൽകുന്ന ദുർബലമനസ്സുകൾ എക്കാലത്തും ധാരാളമുണ്ട്. അത്തരം ഭാവങ്ങളും രൂപങ്ങളും ഉപയോഗപ്പെടുത്തി അന്ധവിശ്വാസികൾക്ക് ഉൾഭയം നൽകി ആത്മീയ ചൂഷണം നടത്തുന്ന ആൾദൈവങ്ങളും പുരോഹിതൻമാരും സമൂഹത്തിൽ തടിച്ച് കൊഴുക്കുകയാണ്. സർക്കാറിന്റെ എല്ലാ സാമ്പത്തിക നിയന്ത്രണങ്ങൾക്കുമതീതരാണിവർ. രണ്ട് പെൺമക്കളെ വിട്ട് കിട്ടാൻ നിയമപോരാട്ടം നടത്തിയിരുന്ന ഒരു പിതാവിനെയും നിയമങ്ങളെയും ലോകത്തെയും പരിഹസിച്ചുകൊണ്ട് സ്വന്തമായൊരു രാജ്യവും കറൻസിയും പ്രഖ്യാപിച്ച നിത്യാനന്ദൻ എന്ന ആത്മീയ ചൂഷകൻ ഇന്റർപോൾ തെരയുന്ന കുറ്റവാളിയാണെന്നറിഞ്ഞിട്ടും അയാളെ ഇതുവരെ ഒരാൾക്കും തൊടാനാവാത്തത് ഇങ്ങനെയൊരു ഭയം ലോകത്തെ പിടികൂടിയതുകൊണ്ട് തന്നെയാണ്.

പ്രബുദ്ധരായ മലയാളികൾക്കിടയിൽ പോലും സ്വിസ് ബാങ്കിൽ അക്കൗണ്ടുള്ള ആൾദൈവങ്ങളുണ്ടെന്നത് ആത്മീയ ഭീതിയുടെ അവിശ്വസനീയമായ കടന്നുകയറ്റമാണ്.

പ്രവാചക കേശമെന്നവകാശപ്പെട്ട് കൊണ്ടുവന്ന മുടിനാരുകൾ വ്യാജമാണെന്നറിഞ്ഞിട്ടും അതിനെ ന്യായീകരിക്കാൻ പ്രയാസപ്പെടുന്ന അനുയായികളുടെ മസ്തിഷ്‌ക്കം ആത്മീയ ഭീതിയാൽ മരവിച്ചതാണെന്നതിൽ തർക്കമില്ല.

അത്രമാത്രം മസ്തിഷ്‌കാടിമത്വമുള്ള ഒരു സമൂഹമുണ്ടാകുന്നത് 'ഗുരുത്വക്കേട്' എന്ന ഓമനപ്പേരിലറിയപ്പെടുന്ന ഉൾഭയമാണെന്നതും അവിതർക്കിതമാണ്.

13 എന്ന അക്കത്തെ ഭയപ്പെടുന്നവരും ഈ പുരോഗമനയുഗത്തിലുണ്ടെന്നത് ഏറെ അത്ഭുതപ്പെടുന്നതാണ്. 'തേർട്ടീൻ ഡിജിറ്റ് ഫോബിയ' എന്ന പേരിൽ സുപരിചിതമാണ് ഈ വിചിത്രഭയം. പരിഷ്‌കൃത സമൂഹത്തിലെ ഉൽപതിഷ്ണുക്കൾ പോലും ഇത്തരം അന്ധവിശ്വാസങ്ങളിൽനിന്ന് മോചിതരല്ലെന്നത് ഏറെ കൗതുകകരമാണ്.

കറുത്ത പൂച്ച മുതൽ പക്ഷികളുടെ കളകൂജനങ്ങൾവരെ മനുഷ്യന്റ ദുർബല മനസ്സുകളിലുണ്ടാക്കുന്ന ഭയവിഹ്വലത അന്ധവിശ്വാസങ്ങളുടെ പരിണിതങ്ങളാണ്. ഇങ്ങനെയുള്ള മാനസികാടിമത്തങ്ങളിൽനിന്ന് സ്വതന്ത്രരാകാനും നിർഭയമായ ജീവിതത്തിനായി ശരിയായ വഴിതേടാനും മനുഷ്യൻ തയ്യാറാകണം.

### നിർഭയത്വം ഒരനുഗ്രഹം

അന്ധവിശ്വാസങ്ങളിൽ അഭിരമിക്കുന്ന ദുർബലമനസ്സുകളുടെ ഭയപ്പെടുന്ന ജീവിതം പോലെ ലോകത്തിന്റെ വിവിധകോണുകളിൽ ആയുധങ്ങളുടെ അരോചകമായ ശബ്ദഭീകരതയിൽ സ്പന്ദിക്കുന്ന ഹൃദയവുമായി ജീവിതം തള്ളിനീക്കുന്ന അനേകായിരങ്ങൾ ഇന്നുമുണ്ട്. ലോകരാഷ്ട്രങ്ങൾക്കിടയിലെ സമാധാന കരാറുകൾക്കോ ഉഭയകക്ഷി ബന്ധങ്ങൾക്കോ തരിമ്പും വിലകൽപിക്കാതെയുള്ള അധികാരിവർഗങ്ങളുടെ ആയുധമുനകളിൽ ജീവനുവേണ്ടി കേഴുന്നവരുമുണ്ട്,

ഫലസ്തീനും മ്യാൻമറും സിറിയയുമടക്കം ധാരാളം രാജ്യങ്ങളിൽ പിഞ്ചുകുഞ്ഞുങ്ങളോടു പോലും കരുണാർദ്രതയില്ലാതെ നെഞ്ചിൻകൂട് തകർക്കുന്ന ബയണറ്റുകൾക്ക് മുന്നിൽ ഭീതിയിൽ കഴിഞ്ഞ് കൂടുന്ന കുടുംബങ്ങളുടെ ദയനീയത ലോകത്തിന് സുപരിചിതമാണ്.

ഭയമില്ലാത്ത ഒരു ദിവസത്തിനുവേണ്ടി കൊതിക്കുന്നവർ, നിർഭയത്വത്തോടെ സൂര്യോദയത്തിനായി ദാഹിക്കുന്നവർ, ആകാശത്ത് കൂടി പറന്നുപോകുന്ന വിമാനങ്ങളുടെ ശബ്ദങ്ങൾ പോലും തങ്ങളുടെ സ്വപ്നങ്ങളിൽ കരിനിഴൽ വീഴ്ത്തുമോ എന്ന ആധിയിൽ കഴിഞ്ഞ് കൂടുന്നവർ ലോകത്ത് എമ്പാടുമുണ്ട്.

> **ഭരണരംഗത്ത് അമ്പേ പരാജയമെന്ന് ഗണിക്കുമ്പോഴും ഉത്തരേന്ത്യയിലെ കുഗ്രാമങ്ങളിലെ ദുർബല വിശ്വാസികളുടെ മനസ്സുകളിൽ വളർന്ന ആൾദൈവ ഭീതി സംഘപരിവാരങ്ങൾക്കൊരു മുതൽക്കൂട്ടാകുകയായിരുന്നു. സന്യാസി വേഷങ്ങളും ജപമാലകൾ പിടിച്ചുകൊണ്ടുള്ള അധരവ്യായാമങ്ങളും പച്ച ചുറ്റിയ ചുമലുകളും ജഢപിടിച്ച മുടിയുമെല്ലാം ഉൾഭയം നൽകുന്ന ദുർബലമനസ്സുകൾ എക്കാലത്തും ധാരാളമുണ്ട്. അത്തരം ഭാവങ്ങളും രൂപങ്ങളും ഉപയോഗപ്പെടുത്തി അന്ധവിശ്വാസികൾക്ക് ഉൾഭയം നൽകി ആത്മീയ ചൂഷണം നടത്തുന്ന ആൾദൈവങ്ങളും പുരോഹിതൻമാരും സമൂഹത്തിൽ തടിച്ച് കൊഴുക്കുകയാണ്. സർക്കാറിന്റെ എല്ലാ സാമ്പത്തിക നിയന്ത്രണങ്ങൾക്കുമതീതരാണിവർ. രണ്ട് പെൺമക്കളെ വിട്ട് കിട്ടാൻ നിയമ പോരാട്ടം നടത്തിയിരുന്ന ഒരു പിതാവിനെയും നിയമങ്ങളെയും ലോകത്തെയും പരിഹസിച്ചുകൊണ്ട് സ്വന്തമായൊരു രാജ്യവും കറൻസിയും പ്രഖ്യാപിച്ച നിത്യാനന്ദൻ എന്ന ആത്മീയ ചൂഷകൻ ഇന്റർപോൾ തെരയുന്ന കുറ്റവാളിയാണെന്നറിഞ്ഞിട്ടും അയാളെ ഇതുവരെ ഒരാൾക്കും തൊടാനാവാത്തത് ഇങ്ങനെയൊരു ഭയം ലോകത്തെ പിടികൂടിയതുകൊണ്ട് തന്നെയാണ്.**

ഇബ്‌റാഹീം നബിﷺ മക്കയുടെ സമൃദ്ധിക്കായി പ്രാർഥിച്ചപ്പോൾ നിർഭയത്വം ചോദിച്ചത് ശ്രദ്ധേയമാണ്:

"എന്റെ രക്ഷിതാവേ, നീ ഇതൊരു നിർഭയമായ നാടാക്കുകയും ഇവിടത്തെ താമസക്കാരിൽനിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്ക് കായ്കനികൾ ആഹാരമായി നൽകുകയും ചെയ്യേണമേ എന്ന് ഇബ്‌റാഹീം പ്രാർഥിച്ച സന്ദർഭവും (ഓർക്കുക). അല്ലാഹു പറഞ്ഞു: അവിശ്വസിച്ചവന്നും (ഞാൻ ആഹാരം നൽകുന്നതാണ്). പക്ഷേ, അൽപകാലത്തെ

ജീവിതസുഖം മാത്രമാണ് അവന്ന് ഞാൻ നൽകുക. പിന്നീട് നരകശിക്ഷ ഏൽക്കാൻ ഞാൻ അവനെ നിർബന്ധിതനാക്കുന്നതാണ്. (അവന്ന്) ചെന്നുചേരാനുള്ള ആ സ്ഥലം വളരെ ചീത്ത തന്നെ" (ക്വുർആൻ 2:126).

നിർഭയത്വംകൊണ്ട് അനുഗ്രഹിച്ചതിനെക്കുറിച്ച് അല്ലാഹു പറയുന്നു:

"നിർഭയമായ ഒരു പവിത്രസങ്കേതം നാം അവർക്ക് അധീനപ്പെടുത്തികൊടുത്തിട്ടില്ലേ? എല്ലാ വസ്തുക്കളുടെയും ഫലങ്ങൾ അവിടേക്ക് ശേഖരിച്ച് കൊണ്ടുവരപ്പെടുന്നു. നമ്മുടെ പക്കൽനിന്നുള്ള ഉപജീവനമത്രെ അത്. പക്ഷേ, അവരിൽ അധികപേരും (കാര്യം) മനസ്സിലാക്കുന്നില്ല" (ക്വുർആൻ 28:57).

"നിർഭയമായ ഒരു പവിത്രസങ്കേതം നാം ഏർപെടുത്തിയിരിക്കുന്നു എന്ന് അവർ കണ്ടില്ലേ? അവരുടെ ചുറ്റുഭാഗത്തുനിന്നാകട്ടെ ആളുകൾ റാഞ്ചിയെടുക്കപ്പെടുന്നു. എന്നിട്ടും അസത്യത്തിൽ അവർ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തോട് അവർ നന്ദികേട് കാണിക്കുകയുമാണോ?" (ക്വുർആൻസൂ. റൂം 67)

### നിർഭയത്വം നൽകുന്ന വിശ്വാസം

മനുഷ്യജീവിത പ്രയാണത്തിലെ ഏത് മേഖലയിലും നിർഭയത്വം നൽകുന്ന വിശ്വാസമാണ് ഇസ്‌ലാമിന്റെത്. പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു അവതരിപ്പിച്ച മതദർശനമെന്നതിനാൽ ഭയപ്പെടേണ്ടതും വിശ്വസിക്കേണ്ടതുമായ ഒരു കാര്യത്തിലും ചൂഷണങ്ങൾക്ക് പഴുത് നൽകുന്നില്ലെന്നതാണ് അതിന്റെ പ്രത്യേകത. മനുഷ്യന്റ പ്രകൃതിക്കനുഗുണമാകുന്ന ഭയവും പ്രതീക്ഷയുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അതാവട്ടെ ചൂഷണമുക്തവുമാണ്. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസവും വിധിവിശ്വാസവും മനുഷ്യന് നൽകുന്നത് നിർഭയത്വമാണ്. നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷം വിശ്വാസികളുരുവിടുന്ന മന്ത്രങ്ങൾ മനസ്സിന് നൽകുന്ന ആശ്വാസവും നിർഭയത്വവും കരുത്തോടെ ജീവിക്കാൻ പ്രേരിപ്പിക്കുന്നു.

'അല്ലാഹുവേ, നീ നൽകിയത് തടയാനാർക്കുമാകില്ല, നീ തടഞ്ഞത് നൽകാനും ആരുമില്ല. നിന്നിൽ നിന്നുള്ള ഐശ്വര്യത്തിനുമേൽ ഒന്നും ഉപകാരപ്പെടില്ല' (ബുഖാരി).

സൃഷ്ടിജാലങ്ങൾക്ക് ദിവ്യത്വം കൽപിച്ചുനൽകി ഭൗതിക താൽപര്യങ്ങൾക്കായി ആത്മീയ ഭയം പ്രചരിപ്പിക്കുന്നവർക്ക് യഥാർഥ വിശ്വാസികളെ ഭയപ്പെടുത്താനാവില്ല. അധികാര ദണ്ഡ് ഉപയോഗിച്ച് ഭയപ്പെടുത്തി ഭരിക്കാമെന്ന് വ്യാമോഹിക്കുന്ന ക്രൂരൻമാരായ ഭരണാധികാരികളുടെ നടപടികൾക്ക് മുന്നിലും വിശ്വാസികൾക്ക് പതർച്ചയുണ്ടാവില്ല. നിയമനിർമാണങ്ങളിലൂടെ സാമുദായിക ഉൻമൂലനത്തിനായി കരുനീക്കം നടത്തുന്നവരുടെ കുതന്ത്രം അല്ലാഹുവിന്റെ വിധിക്കപ്പുറം നടക്കില്ലെന്ന വിശ്വസിക്കുന്നവരെ ഭയപ്പെടുത്താനാവില്ല. ക്രൂരതകൾക്കിരയായി വേദനകളനുഭവിക്കേണ്ടിവന്നാലും കൊല്ലപ്പെടേണ്ടിവന്നാലും പാരത്രികലോകത്തെ അനശ്വരജീവിതത്തെ കൊതിക്കുന്നവരുടെ മനസ്സുകളിലെ പ്രതീക്ഷ ഭയത്തെ കെടുത്തിക്കളയുമെന്നതാണ് സത്യം. മാരകമായ രോഗങ്ങൾക്കടിമപ്പെട്ടാൽ പോലും കടിച്ചമർത്താൻ ശ്രമിക്കുന്ന വേദനകൾ പാപമോചനത്തിന് കാരണമാകുമെന്ന് വിശ്വസിക്കുന്നവരെ ഭയപ്പെടുത്താൻ ആത്മീയ ചൂഷകർക്കുമാകില്ല.

മാനവരാശിയിലേക്ക് നിയോഗിതരായ പ്രവാചകൻമാരുടെ ജീവിതം കടന്നുപോയത് പ്രതിസന്ധികളിലൂടെയായിരുന്നു. സ്വന്തം പിതാവ് വീട്ടിൽനിന്ന് പുറത്താക്കിയിട്ടും സമൂഹത്തിന്റെയും ഭരണ



കൂടത്തിന്റെയും ബഹിഷ്കരണത്തിനും ആക്ഷേപങ്ങൾക്കും വിധേയമാകേണ്ടിവന്നിട്ടും നിർഭയമായി എല്ലാറ്റിനെയും അതിജയിച്ച ഇബ്റാഹീം നബി عليه السلام യുടെ ജീവിതം ഇതിന് ഉത്തമ ഉദാഹരണമാണ്.

"അവർ പറഞ്ഞു: നിങ്ങൾക്ക് (വല്ലതും) ചെയ്യാനാകുമെങ്കിൽ നിങ്ങൾ ഇവനെ ചുട്ടെരിച്ചുകളയുകയും നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുക" (ക്വുർആൻ 21: 68).

"അന്നത്തെ ദുർബല വിശ്വാസികൾ ദൈവങ്ങളെ രക്ഷപ്പെടുത്താനെന്ന വ്യാജേന നേർച്ചയാക്കിയ വിറകുകൾ ശേഖരിക്കപ്പെട്ടു. ഭയാനകമായ തീകുണ്ഡാരം ഇബ്റാഹീം നബി عليه السلام യെ ചുട്ടുകൊല്ലാനായി ഒരുക്കി. കത്തിജ്വലിക്കുന്ന തീനാളങ്ങൾക്കരികിൽ നിന്ന് പതർച്ചയും ഭയവുമില്ലാതെ ഏകനായ അല്ലാഹുവിനോട് അദ്ദേഹം പ്രാർഥിച്ചു: അല്ലാഹുവേ, ആകാശത്ത് നീ ഏകനാണ്. നിന്നെ ആരാധിക്കുന്നവനായി ഭൂമിയിൽ ഞാനും ഏകനാണ്" (തഫ്സീർ ഇബ്നുകഥീർ).

അല്ലാഹുവിന്റെ കാവലിൽ യാതൊരു പോറലുമേൽക്കാതെ രക്ഷപ്പെട്ട ഇബ്റാഹീം നബി عليه السلام യുടെ വിശ്വാസം നിർഭയത്വം നൽകുന്നതായിരുന്നു.

ക്രൂരനായ ഫിർഔന്റെ മുന്നിലേക്ക് ഏകദൈവ വിശ്വാസത്തിന്റെ പ്രകാശവുമായി കയറിച്ചെന്ന മൂസാ നബി عليه السلام യും മറ്റൊരു മാതൃകയാണ്.

സൗർ ഗുഹയിലിരിക്കെ ശത്രുവിന്റ കാൽപെരുമാറ്റ ശബ്ദങ്ങൾക്കിടയിലും ആശ്വാസത്തോടെ ഉറങ്ങിയ മുഹമ്മദ് നബി ﷺ യും നിർഭയത്വത്തിന്റെ വിശ്വാസം മാനവരാശിയെ പഠിപ്പിച്ച മഹാനാണ്.

തന്നെ ശത്രുക്കൾ വധിക്കുമെന്ന് ഉറപ്പായിട്ടും അവരുടെ മുന്നിൽ യാതൊരു ഭയവുമില്ലാതെ നമസ്കരിക്കാൻ തയ്യാറായ ഖുബൈബി ﵁ ന്റെ വിശ്വാസവും മറ്റൊന്നായിരുന്നില്ല.

ഇസ്ലാമോഫോബിയയുടെ പ്രചാരണത്തോടെ ലോകത്ത് നടക്കുന്ന മുസ്ലിം വേട്ടകളെ വളരെ വേദനയോടെയാണ് വിശ്വാസികൾ കാണേണ്ടത്. അവരുടെ സുരക്ഷയും നിർഭയജീവിതവും ആഗ്രഹിക്കാത്തവരായി ഇസ്ലാമികലോകത്ത് ആരുമുണ്ടാവാൻ തരമില്ല.

ഇത്തരം സാഹചര്യങ്ങളെ ഉപയോഗപ്പെടുത്തി, വൈകാരികതയെ വ്രണപ്പെടുത്തി മുതലെടുക്കാൻ ശ്രമിക്കുന്നവരുമുണ്ട്. ഇരകളെക്കുറിച്ച് വാതോരാതെ സംസാരിക്കുകയും സമുദായത്തിന് നിരാശയും അപകർഷതയും പകർന്നുനൽകി വിശ്വാസികളെ നിഷ്ക്രിയമാക്കാനുള്ള ശ്രമം ഒരു ഭാഗത്ത് നടക്കുന്നു. അതേസമയം ഇതേ ആശയങ്ങളിലൂടെ തീവ്രവികാരങ്ങൾ മനസ്സുകളിൽ വിത്തിട്ട് വളർത്തി നൽകി അപക്വതയിലൂടെ അപകടങ്ങളിലേക്ക് തള്ളിയിട്ട് വിനാശം വിതയ്ക്കുന്നവരും മറുവശത്തുമുണ്ട്. എന്നാൽ വിശുദ്ധ ക്വുർആൻ ഉണർത്തുന്ന നിർഭയത്തിന്റ വിശ്വാസത്തിലേക്ക് തിരിച്ചുവരാൻ തയ്യാറായാൽ സമാധാനപൂർണമായ ഒരു സമൂഹത്തിന്റ ഉയിർത്തെഴുന്നേൽപിന് സാധ്യമാകും. അല്ലാഹു പറയുന്നു:

"ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല" (ക്വുർആൻ 46:13).

> **"സൃഷ്ടിജാലങ്ങൾക്ക് ദിവ്യത്വം കൽപിച്ചു നൽകി ഭൗതിക താൽപര്യങ്ങൾക്കായി ആത്മീയ ഭയം പ്രചരിപ്പിക്കുന്നവർക്ക് യഥാർഥ വിശ്വാസികളെ ഭയപ്പെടുത്താനാവില്ല. അധികാര ദണ്ഡ് ഉപയോഗിച്ച് ഭയപ്പെടുത്തി ഭരിക്കാമെന്ന് വ്യാമോഹിക്കുന്ന ക്രൂരൻമാരായ ഭരണാധികാരികളുടെ നടപടികൾക്ക് മുന്നിലും വിശ്വാസികൾക്ക് പതർച്ചയുണ്ടാവില്ല. നിയമനിർമാണങ്ങളിലൂടെ സാമുദായിക ഉൻമൂലനത്തിനായി കരുനീക്കം നടത്തുന്നവരുടെ കുതന്ത്രം അല്ലാഹുവിന്റെ വിധിക്കപ്പുറം നടക്കില്ലെന്ന വിശ്വസിക്കുന്നവരെ ഭയപ്പെടുത്താനാവില്ല. ക്രൂരതകൾക്കിരയായി വേദനകളനുഭവിക്കേണ്ടിവന്നാലും കൊല്ലപ്പെടേണ്ടിവന്നാലും പാരത്രികലോകത്തെ അനശ്വരജീവിതത്തെ കൊതിക്കുന്നവരുടെ മനസ്സുകളിലെ പ്രതീക്ഷ ഭയത്തെ കെടുത്തിക്കളയുമെന്നതാണ് സത്യം. മാരകമായ രോഗങ്ങൾക്കടിമപ്പെട്ടാൽ പോലും കടിച്ചമർത്താൻ ശ്രമിക്കുന്ന വേദനകൾ പാപമോചനത്തിന് കാരണമാകുമെന്ന് വിശ്വസിക്കുന്നവരെ ഭയപ്പെടുത്താൻ ആത്മീയ ചൂഷകർക്കുമാകില്ല."**

മുസ്‌ലിം ബിൻ ഹൈദർ
ppmuslim123@gmail.com






# വ്യാജ ഫോൺവിളി; അധ്യാപകർക്ക് പറയാനുള്ളത്

**വാ**ണിയമ്പലം ഹൈസ്‌കൂളിലെ ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർഥിനിക്ക് വന്ന അജ്ഞാത അധ്യാപകന്റെ ഫോൺ കോളിനെക്കുറിച്ച് വായനക്കാർ അറിഞ്ഞിരിക്കുമല്ലോ.

ഈ വിഷയത്തിൽ ആവശ്യമായ നിയമ പരിരക്ഷക്കുവേണ്ടി നിയമപാലകർക്ക് കുട്ടിയുടെ രക്ഷിതാവും സ്ഥാപന മേധാവിയും രേഖാമൂലം പരാതി നൽകിയിട്ടുണ്ട്. നെറ്റ് നമ്പറായതുകൊണ്ട് തന്നെ പ്രതിയെ പിടികൂടുക എന്നത് ശ്രമകരമാണെന്നാണ് നിയമവിദഗ്ധരെല്ലാം അഭിപ്രായപ്പെടുന്നത്. എങ്കിലും 'അവേർനസ്' റെക്കോഡായി കണക്കിലെടുത്ത് ജനങ്ങളെ ബോധവത്കരിക്കാമെന്ന് പോലീസ് ചൂണ്ടിക്കാട്ടുന്നു.

ഇവിടെ ഗൗരവപൂർവം ചിന്തിക്കേണ്ട ചില വസ്തുതകളുണ്ട്. 10.06.2021 ന് വന്ന വിളിയും 09.07.2021 ന് വന്ന വിളിയും ഏകദേശം ഒരേ ആശയത്തിലുള്ളതായിരുന്നു. രണ്ടും ചെറിയ പെൺകുട്ടികളെ മാത്രമാണ് ലക്ഷ്യമിടുന്നത്. തന്റെ അധ്യാപകനു മുന്നിൽ മനസ്സുതുറക്കുന്ന നിഷ്കളങ്ക ഹൃദയത്തെ വശീകരിക്കാനും അതുവഴി കുട്ടി അറിയാതെ അപകടത്തിൽ പെടുത്താനുമുള്ള ചെകുത്താന്റെ ബുദ്ധി. പക്ഷേ, വിളി വന്ന രണ്ട് മക്കളും കാലഘട്ടത്തിന്റെ ചുവരെഴുത്ത് മനസ്സിലാക്കിയതുകൊണ്ട്തന്നെ കൃത്യമായി അത് റിക്കോഡ് ചെയ്തു. അങ്ങനെ അപകടത്തെ കുറിച്ച് സമൂഹത്തെ ബോധവത്കരിക്കാൻ തെളിവ് കയ്യിലാക്കാനും കഴിഞ്ഞു. രണ്ടു പേർക്കും അഭിനന്ദനങ്ങൾ.

പ്രിയപ്പെട്ട രക്ഷിതാക്കളേ, ഫോണും നെറ്റും വികസനത്തിന്റെ വഴിയടയാളങ്ങളായി കണ്ട് അഭിമാനിച്ചിരുന്ന ഇന്നെലകളിൽനിന്ന് അൽപം മാറി, ചിലപ്പോഴെങ്കിലും വേദനയോടെ ഓർക്കുന്ന ഘടകങ്ങളായിരിക്കുന്നു ഇന്ന്. അത്രമാത്രം മക്കളുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു അവ രണ്ടും. കിടക്കപ്പായയിൽ കഴിയുന്ന ഏതാനും മണിക്കൂറുകളല്ലാതെ മറ്റെല്ലാസമയത്തും മക്കളുടെ ശ്രദ്ധ മിനിസ്ക്രീനിൽ ബന്ധിതമാണ്. ഈ അവസ്ഥക്ക് അടുത്തൊന്നും വിരാമമിടാൻ കഴിയുമെന്ന് തോന്നുന്നില്ല. ആയതിനാൽ താഴെ നമ്പറിട്ട് സൂചിപ്പിച്ച കാര്യങ്ങൾ താങ്കൾ സഗൗരവം ഗൃഹാന്തരങ്ങളിൽ നടപ്പിലാക്കണം.

1. കുട്ടിയെ വിളിക്കാൻ സാധ്യതയുള്ള അധ്യാപകരുടെ നമ്പറുകൾ മുഴുവനും കൃത്യമായ പേരെഴുതി കുട്ടി ഉപയോഗിക്കുന്ന ഫോണിൽ സേവ് ചെയ്യണം

2. മൊബൈലിൽ സേവ് ചെയ്യാത്ത ഏതൊരു നമ്പറിൽനിന്ന് വരുന്ന കോളും അറ്റന്റ് ചെയ്യരുതെന്ന് കുട്ടിയെ പറഞ്ഞ് ബോധ്യപ്പെടുത്തണം.

3. സ്ഥിരമായ നമ്പറിൽനിന്നല്ലാതെ ഒരിക്കലും നെറ്റ് നമ്പറിൽനിന്ന് ഒരധ്യാപകനും കുട്ടിയെ വിളിക്കില്ല.

4.അപൂർണമായ നെറ്റ് നമ്പറുകളും പൂർണമായ അജ്ഞാത നമ്പറുകളും അതർഹിക്കുന്ന അവജ്ഞയോടെ അവഗണിക്കാൻ കുടുംബത്തെ ബോധവത്കരിക്കണം.

5. കുട്ടിയുടെ ഫോട്ടോ ഒരു കാരണവശാലും വാട്സാപ്പ് പ്രൊഫൈലാക്കരുത്.

6. വിളിക്കുന്ന ആളെ വ്യക്തമായി ബോധ്യപ്പെടാതെ സംസാരം മുന്നോട്ട്പോവാനേ സമ്മതിക്കരുത്.

7. കുട്ടിയുടെ സ്കൂളും പേരും ചോദിച്ചുകൊണ്ട് കേരളത്തിലെ ഒരു സ്കൂളധ്യാപകനും തങ്ങളുടെ കുട്ടിയെ ഒരാവശ്യത്തിനും വിളിക്കില്ലന്ന് കുട്ടിയോട് പറയുക.

8. ഫോൺ ഉപയോഗം കഴിവതും രക്ഷിതാക്കളുടെ സാന്നിധ്യത്തിലാക്കാൻ ശ്രമിക്കുക.

9. ഓട്ടോമാറ്റിക് കോൾറെക്കോഡ് ഫോണിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കണം.

ഒരു കത്തിന്റെ ആദ്യത്തിൽ അയക്കുന്ന ആളുടെ വിലാസമാണല്ലോ എഴുതാറുള്ളത്. അതുപോലെ ഫോൺ ചെയ്യുമ്പോഴുള്ള പ്രാഥമിക മര്യാദയാവണം, ആരാണ് വിളിക്കുന്നത് എന്ന് വ്യക്തമാക്കൽ. അങ്ങനെ വ്യക്തമാക്കിയ കോളറോട് മാത്രമെ പ്രതികരിക്കേണ്ടതുള്ളൂ.

11. വ്യക്തതയില്ലാത്ത കോളുകൾ തുടക്കത്തിലേ രക്ഷിതാക്കൾക്ക് കൈമാറണമെന്ന് കുട്ടിയോട് കണിശമായി പറയുക.

12. കുട്ടി, ഫോൺ ലൗഡ് മോഡിൽ ആക്കി സംസാരിക്കുന്നത് കൂടുതൽ നന്നാവും. അതിലൂടെരക്ഷിതാക്കൾക്ക് കേൾക്കാനും ആവശ്യാനുസരണം ഇടപെടാനും കഴിയും.

13. വ്യജൻമാരുടെ ആദ്യസ്റ്റെപ്പ് ഇയർ ഫോൺ ഉപയോഗിക്കാനുള്ള നിർദേശമാണെന്നിരിക്കെ ഇങ്ങോട്ടുള്ള വിളികൾക്ക് ഇയർ ഫോൺ ഉപയോഗം നിരുത്സാഹപ്പെടുത്തുക.

ഇതു പോലെതന്നെ വിവിധ സഹായങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടും സ്കോളർഷിപ്പിന് അർഹത നേടിയിട്ടുണ്ടെന്നുമൊക്കെ പറഞ്ഞ് മെസ്സേജുകൾ വന്നേക്കാം. വിശദമായി അറിയാതെ വ്യാജ സൈറ്റുകളിൽ കയറി നമ്മുടെ വിലാസവും ബാങ്ക് അക്കൗണ്ട് വിവരങ്ങളും മറ്റും നൽകുന്നത് അപകടമാണ്. പ്രധാനമന്ത്രിയുടെ പേരിലും മുഖ്യമന്ത്രിയുടെ പേരിലുമെല്ലാം കോവിഡ് ധനസഹായം നൽകാൻ എന്ന പേരിൽ വ്യാജന്മാർ വിലസുകയാണ്. അശ്രദ്ധമായി നമ്മുടെ കൈവിരലിലെ ഒരു നീക്കം മതി, ഇത് വരെയുള്ള നമ്മുടെ സമ്പാദ്യം മുഴുവൻ നഷ്ടപ്പെടാൻ. ശ്രദ്ധ, ജാഗ്രത എന്നിവ എല്ലാ രംഗത്തും അനിവാര്യം.



# ഇബ്റാഹീം നബിയുടെ ആദർശ ജീവിതം

ലേഖനം

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

വിശ്വാസത്തിലും ആദർശനിഷ്ഠയിലും അല്ലാഹുവിനോടുള്ള കൂറിലും ഏകദൈവ വിശ്വാസത്തോട് പുലർത്തിയ വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധതയിലുമെല്ലാം മനുഷ്യരാശിക്കാകമാനം മാതൃകയാണ് ഇബ്റാഹീം നബി(عليه السلام). ഒട്ടനവധി വാക്യങ്ങളിലൂടെ ആ മഹദ് ജീവിതത്തിന്റെ വിവിധ വശങ്ങളിലേക്ക് വിശുദ്ധ ക്വുർആൻ വെളിച്ചം വീശുന്നുണ്ട്.

ഇബ്റാഹീം നബി(عليه السلام)യുമായി ബന്ധപ്പെട്ട ക്വുർആനിക പരാമർശങ്ങളിൽ 'മില്ലത്ത്' എന്ന പദം പലതവണ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ഇബ്റാഹീം നബി(عليه السلام) തന്നെ ഒരു സമുദായമായിരുന്നു (ഉമ്മത്ത്) എന്ന് പറയുന്ന ക്വുർആൻ (16:120) അദ്ദേഹത്തിന്റെ ധാർമിക സരണിയെ ചൂ

ണ്ടിക്കാണിക്കാനാണ് മില്ലത്ത് എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. അല്ലാഹു പറയുന്നു:

“സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്റാഹീമിന്റെ മാർഗത്തോട് വിമുഖത കാണിക്കുക? ഇഹലോകത്തിൽ അദ്ദേഹത്തെ നാം വിശിഷ്ടനായി തെരഞ്ഞെടുത്തിരിക്കുന്നു. പരലോകത്ത് അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽ തന്നെയായിരിക്കും” (ക്വുർആൻ 2:130).

ഇബ്റാഹീം നബിﷺയുടെ മാർഗം തന്നെയാണ് ഇസ്‌ലാം പ്രതിനിധാനം ചെയ്യുന്നത് എന്നും ആ മാർഗത്തിൽ നിന്നുള്ള വ്യതിചലനം ആത്മാവിനെ മൂഢമാക്കുന്ന പ്രവൃത്തിയാണെന്നും വ്യക്തമാക്കപ്പെടുമ്പോൾ ഇബ്റാഹീം നബിﷺ പ്രതിനിധാനം ചെയ്തിരുന്ന ഏകദൈവാദർശത്തിൽ അധിഷ്ഠിതമായ മാർഗത്തിന്റെ സവിശേഷത അംഗീകരിക്കപ്പെടുകയാണ്. ഇബ്റാഹീം നബിﷺയുടെ മാർഗത്തിന് ശ്രേഷ്ഠത ലഭിക്കാനിടയായത് എങ്ങനെയെന്ന് ക്വുർആൻ വ്യക്തമാക്കുന്നത് കാണുക:

“നീ കീഴ്പെടുക’ എന്ന് അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് പറഞ്ഞപ്പോൾ സർവലോക രക്ഷിതാവിന് ഞാനിതാ കീഴ്പ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു. ഇബ്റാഹീമും യഅ്ക്വൂബും അവരുടെ സന്തതികളോട് ഇത് (കീഴ്‌വണക്കം) ഉപദേശിക്കുകകൂടി ചെയ്തു. ‘എന്റെ മക്കളേ, അല്ലാഹു നിങ്ങൾക്ക് ഈ മതത്തെ വിശിഷ്ടമായി തെരഞ്ഞെടുത്ത് തന്നിരിക്കുന്നു. അതിനാൽ അല്ലാഹുവിന് കീഴ്പെടുന്നവരായി(മുസ്‌ലിംകളായി)ക്കൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്. (ഇങ്ങനെയാണ് അവർ ഓരോരുത്തരും ഉപദേശിച്ചത്)” (ക്വുർആൻ 2:132).

തന്റെ നാഥനെ നിരുപാധികം അനുസരിക്കുകയും അദ്ദേഹത്തിന്റെ കൽപനകൾ അനുസരിക്കയും ചെയ്യുന്നതിൽ ഇബ്റാഹീംﷺ ചരിത്രത്തിനുതന്നെയും മാതൃകയായി വർത്തിച്ചു. ഏകദൈവ വിശ്വാസത്തിൽ ഊന്നിനിന്നുകൊണ്ടുള്ള സമർപ്പണത്തിലൂടെയാണ് അദ്ദേഹം ചരിത്രത്തിന് മാതൃകയായിത്തീർന്നത് എന്ന് നിരവധി ക്വുർആൻ വാക്യങ്ങളിൽ വ്യക്തമാക്കപ്പെടുന്നുണ്ട്. ഇബ്റാഹീം നബിﷺയുടെ മാർഗത്തിന്റെ ഏറ്റവും സുപ്രധാനമായ മേന്മ എന്ത് എന്ന് ക്വുർആൻ വ്യക്തമാക്കുന്നു:

“ആകയാൽ ശുദ്ധമനഃസ്കനായ ഇബ്റാഹീമിന്റെ മാർഗം നിങ്ങൾ പിന്തുടരുക. അദ്ദേഹം ബഹുദൈവാരാധകരുടെ കൂട്ടത്തിലായിരുന്നില്ല” (ക്വുർആൻ 3:95).

ബഹുദൈവ വിശ്വാസത്തിന്റെയും വിശ്വാസവ്യതിയാനങ്ങളുടെയും വഴിയിൽനിന്ന് ഋജുവായ മാർഗത്തിലേക്ക് എത്തിച്ചേരുവാൻ ആഗ്രഹിക്കുന്ന വ്യക്തി പിന്തുടരേണ്ടത് ഇബ്റാഹീം നബിﷺയുടെ മാർഗമാണ്. ഉത്തമമായ മതവും ധർമവും ഏതെന്ന് വിശദീകരിച്ചുകൊണ്ട് ക്വുർആൻ പറയുന്നു:

**“ഇബ്റാഹീം നബിﷺ ഉൾപ്പെടുന്ന പ്രവാചകന്മാർ മനുഷ്യരാശിയുടെ മാർഗദർശികളായിത്തീരുന്നത് അവർ തൗഹീദ് ആദർശമായി അംഗീകരിക്കുകയും ധാർമിക ജീവിതം നയിക്കുകയും നന്മ പ്രവർത്തിച്ചുകൊണ്ട് സ്രഷ്ടാവിന്റെ പ്രീതി കരസ്ഥമാക്കുകയും ചെയ്തതുകൊണ്ടാണ്. ജന്മനാ നൽകപ്പെട്ട ഒരു വംശീയ അംഗീകാരത്തിന്റെ പേരിലായിരുന്നില്ല അവരുടെ മഹത്ത്വം കണക്കാക്കപ്പെട്ടിരുന്നത്. ഇസ്‌ലാം ആവശ്യപ്പെടുന്ന കാര്യങ്ങൾ നിർവഹിച്ചുകൊണ്ടല്ലാതെ ഏതൊരു വ്യക്തിക്കും സ്രഷ്ടാവിന്റെ അനുഗ്രഹവും അംഗീകാരവും നേടിയെടുക്കാൻ കഴിയില്ല എന്ന പരമാർഥത്തിന്റെ സാക്ഷ്യങ്ങളാണ് ഇബ്റാഹീംﷺ ഉൾപ്പെടെയുള്ള പ്രവാചകന്മാരുടെ ജീവിത ചരിത്രം.”**


“സദ്‌വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് കീഴ്പെടുത്തുകയും നേർമാർഗത്തിലുറച്ച് നിന്നുകൊണ്ട് ഇബ്റാഹീമിന്റെ മാർഗത്തെ പിന്തുടരുകയും ചെയ്തവനെക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട്? അല്ലാഹു ഇബ്റാഹീമിനെ സുഹൃത്തായി സ്വീകരിച്ചിരിക്കുന്നു” (4:125).

പൂർണമായ സമർപ്പണത്തിന്റെയും നിരുപാധികമായ കീഴ്‌വണക്കത്തിന്റെയും കാര്യത്തിൽ ഇബ്റാഹീം നബിﷺയുടെ മാതൃക അതുല്യമാണ്. അതുകൊണ്ടാണ് സദ്‌വൃത്തരായ ദൈവഭക്തർക്ക് മാതൃകയായി ഇബ്റാഹീം നബിﷺയുടെ മാർഗത്തെ പരാമർശിക്കുന്നത്. അല്ലാഹുവിൽ വിശ്വസിക്കുകയും ഇസ്‌ലാമിനെ ജീവിതാദർശമായി സ്വീകരിക്കയും ചെയ്യുന്നവർ നടത്തേണ്ടുന്ന പ്രഖ്യാപനത്തെപ്പറ്റി ക്വുർആൻ പറയുന്നു:

ഏകദൈവ വിശ്വാസത്തിലും ധാർമികതയിലും കണിശമായ ദൈവസ്മരണയിലും അധിഷ്ഠിതമായ ആദർശമായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് മാറ്റുകൂട്ടിയിരുന്നത്. തൗഹീദിന്റെ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വിട്ടുവീഴ്ചക്ക് അദ്ദേഹം ഒരുക്കമായിരുന്നില്ല. സ്വന്തം കുടുംബത്തിലും പിതൃ-പുത്ര ബന്ധത്തിലും അദ്ദേഹം പിന്തുടർന്നത് തൗഹീദിന് മുൻതൂക്കം നൽകുന്ന വീക്ഷണമായിരുന്നു. അല്ലാഹു പറയുന്നു:

"പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് എന്നെ നേരായ പാതയിലേക്ക് നയിച്ചിരിക്കുന്നു. വക്രതയില്ലാത്ത മതത്തിലേക്ക്. നേർമാർഗത്തിൽ നിലകൊണ്ട ഇബ്റാഹീമിന്റെ ആദർശത്തിലേക്ക്. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല. പറയുക: തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു. അവന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. അവന് കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്. പറയുക: രക്ഷിതാവായിട്ട് അല്ലാഹുവല്ലാത്തവരെ ഞാൻ തേടുകയോ? അവനാകട്ടെ മുഴുവൻ വസ്തുക്കളുടെയും രക്ഷിതാവാണ്" (ക്വുർആൻ 6:161-164).

ഏകദൈവ വിശ്വാസത്തിൽ കണിശമായ പ്രതിബദ്ധത പുലർത്തിയതിന്റെ പേരിൽ ഇബ്റാഹീം നബിﷺക്ക് തന്റെ പിതാവിനെതിരിൽ നിൽക്കേണ്ടിവന്നു എന്നത് ചരിത്രമാണ്. ബഹുദൈവാരാധകനായിരുന്ന പിതാവിനോട് ആദർശത്തിന്റെ കാര്യത്തിൽ തെല്ലും വിട്ടുവീഴ്ച കാണിക്കുവാൻ ഇബ്റാഹീം നബിﷺ ഒരുക്കമായിരുന്നില്ല. ഇക്കാ



"പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് എന്നെ നേരായ പാതയിലേക്ക് നയിച്ചിരിക്കുന്നു. വക്രതയില്ലാത്ത മതത്തിലേക്ക്. നേർമാർഗത്തിൽ നിലകൊണ്ട ഇബ്റാഹീമിന്റെ ആദർശത്തിലേക്ക്. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല" (ക്വുർആൻ 6:161).

നേർമാർഗത്തിന്റെ പര്യായപദമായിട്ടാണ് ഇബ്റാഹീം നബിﷺയുടെ മാർഗത്തെ ക്വുർആൻ വിശേഷിപ്പിക്കുന്നത്. നിരവധി വചനങ്ങളിലൂടെ ക്വുർആൻ ഇബ്റാഹീമീ സരണിയുടെ മേന്മ ആവർത്തിച്ചുറപ്പിച്ചിരിക്കുകയാണ്. ക്വുർആൻ മറ്റൊരു വചനത്തിലൂടെ വിശദീകരിക്കുന്നു:

"തീർച്ചയായും ഇബ്റാഹീം അല്ലാഹുവിന് കീഴ്പെട്ട് ജീവിക്കുന്ന നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം തന്നെയായിരുന്നു. അദ്ദേഹം ബഹുദൈവ വാദികളിൽ പെട്ടവനായിരുന്നില്ല. അവന്റെ (അല്ലാഹുവിന്റെ) അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുന്നവനായിരുന്നു അദ്ദേഹം. അദ്ദേഹത്തെ അവൻ തെരഞ്ഞെടുക്കുകയും നേരായ പാതയിലേക്ക് നയിക്കുകയും ചെയ്തു. ഇഹലോകത്ത് അദ്ദേഹത്തിന് നാം നന്മ നൽകുകയും ചെയ്തിരിക്കുന്നു. പരലോകത്താകട്ടെ തീർച്ചയായും അദ്ദേഹം സദ്വൃത്തരുടെ കൂട്ടത്തിലായിരിക്കും. പിന്നീട് നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്നവനായിരുന്ന ഇബ്റാഹീമിന്റെ മാർഗത്തെ പിന്തുടരണമെന്ന് നിനക്ക് ഇതാ നാം ബോധനം നൽകിയിരിക്കുന്നു. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല" (ക്വുർആൻ 16:120-123).

രക്തബന്ധത്തെക്കാൾ ആദർശബന്ധത്തിന് പ്രാധാന്യം കൽപിച്ചുകൊണ്ടാണ് ഇബ്റാഹീം നബിﷺ ജീവിച്ചത്. അദ്ദേഹത്തെ പിൻപറ്റുന്നവരും അനുകരിക്കേണ്ടിയിരിക്കുന്നത് അതേ ആദർശ ജീവിതം തന്നെയാണ്. ആദർശശാലിയായിരുന്ന ഇബ്റാഹീം നബിﷺയെ പിൻപറ്റുന്ന മുസ്ലിംകൾ മാത്രമാണ് അദ്ദേഹവുമായുള്ള ബന്ധത്തിന്റെ യഥാർഥ അവകാശികളെന്ന് ക്വുർആൻ വ്യക്തമാക്കുന്നു.

ര്യത്തിലേക്ക് സൂചന നൽകിക്കൊണ്ട് ക്വുർആൻ പറയുന്നത് കാണുക:

“ഇബ്റാഹീം അദ്ദേഹത്തിന്റെ പിതാവിനുവേണ്ടി പാപമോചനം തേടിയത് അദ്ദേഹം പിതാവിനോട് അങ്ങനെ വാഗ്ദാനം ചെയ്തതുകൊണ്ട് മാത്രമായിരുന്നു. എന്നാൽ അയാൾ (പിതാവ്) അല്ലാഹുവിന്റെ ശത്രുവാണെന്ന് അദ്ദേഹത്തിന് വ്യക്തമായപ്പോൾ അദ്ദേഹം അയാളെ (പിതാവിനെ) വിട്ടൊഴിഞ്ഞു” (ക്വുർആൻ 9:114).

തൗഹീദിന് മുന്നിൽ മാനുഷികമായ ബന്ധങ്ങളും സ്ഥാനമാനങ്ങളുമൊന്നും ഇബ്റാഹീം നബിﷺക്ക് വിലപ്പെട്ടവയായിരുന്നില്ല. ഇതേ നിഷ്ഠയും കണിശതയും ധാർമികതയുടെ കാര്യത്തിലും അദ്ദേഹത്തിനുണ്ടായിരുന്നുവെന്ന് ക്വുർആനിൽനിന്നും മനസ്സിലാക്കുവാൻ കഴിയും. അതുകൊണ്ടാണ് ഇബ്റാഹീം നബിﷺ ഉൾപ്പെട്ട പ്രവാചക ശൃംഖലയെ ‘നമ്മുടെ കൽപനപ്രകാരം മാർഗദർശനം നൽകുന്ന നേതാക്കൾ’ എന്ന് വിശുദ്ധ ക്വുർആനിൽ അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നത്. ഇവ്വിഷയകമായ ക്വുർആനിലെ പരാമർശം ഇപ്രകാരമാണ്:

“അവരെ (മുകളിൽ പരാമർശിക്കപ്പെട്ട ഇബ്റാഹീം നബി ഉൾപ്പെടുന്ന പ്രവാചകന്മാരെ) നാം നമ്മുടെ കൽപന പ്രകാരം മാർഗദർശനം നൽകുന്ന നേതാക്കളാക്കുകയും ചെയ്തു. നല്ല കാര്യങ്ങൾ ചെയ്യണമെന്നും നമസ്കാരം മുറപോലെ നിർവഹിക്കണമെന്നും സകാത്ത് നൽകണമെന്നും നാം അവർക്ക് ബോധനം നൽകുകയും ചെയ്തു. നമ്മെയായിരുന്നു അവർ ആരാധിച്ചിരുന്നത്” (ക്വുർആൻ 21:73).

ഇബ്റാഹീം നബിﷺ ഉൾപ്പെടുന്ന പ്രവാചകന്മാർ മനുഷ്യരാശിയുടെ മാർഗദർശികളായിത്തീരുന്നത് അവർ തൗഹീദ് ആദർശമായി അംഗീകരിക്കുകയും ധാർമിക ജീവിതം നയിക്കുകയും നന്മ പ്രവർത്തിച്ചുകൊണ്ട് സ്രഷ്ടാവിന്റെ പ്രീതി കരസ്ഥമാക്കുകയും ചെയ്തതുകൊണ്ടാണ്. ജന്മനാ നൽകപ്പെട്ട ഒരു വംശീയ അംഗീകാരത്തിന്റെ പേരിലായിരുന്നില്ല അവരുടെ മഹത്ത്വം കണക്കാക്കപ്പെട്ടിരുന്നത്. ഇസ്‌ലാം ആവശ്യപ്പെടുന്ന കാര്യങ്ങൾ നിർവഹിച്ചുകൊണ്ടല്ലാതെ ഏതൊരു വ്യക്തിക്കും സ്രഷ്ടാവിന്റെ അനുഗ്രഹവും അംഗീകാരവും നേടിയെടുക്കാൻ കഴിയില്ല എന്ന പരമാർഥത്തിന്റെ സാക്ഷ്യങ്ങളാണ് ഇബ്റാഹീംﷺ ഉൾപ്പെടെയുള്ള പ്രവാചകന്മാരുടെ ജീവിത ചരിത്രം.

### ഇബ്റാഹീം നബിﷺയുടെ പ്രാർഥനകൾ

**“കഅ്ബാ നിർമാണത്തിനുശേഷം ഇബ്റാഹീം നബിﷺയും പുത്രൻ ഇസ്മാഈൽ നബിﷺയും നടത്തിയ പ്രാർഥന വിശുദ്ധ ക്വുർആൻ ഉദ്ധരിക്കുന്നുണ്ട്. തൗഹീദിന്റെ ആദർശപരമായ ആർജവവും വിശ്വാസത്തിന്റെ മാർഗദർശനവുമുള്ള ഒരു ധർമാധിഷ്ഠിത സമൂഹം ഭൂമുഖത്ത് ആവിർഭവിക്കുവാനും നിലനിൽക്കുവാനുമുള്ള അഭിലാഷം പ്രതിഫലിക്കുന്ന ആ പ്രാർഥന, പ്രപഞ്ചനാഥൻ സ്വീകരിച്ചു എന്നതിന് പിൽകാലാനുഭവങ്ങൾ സാക്ഷിയാണ്. ഇസ്‌ലാമിക ചരിത്രത്തിൽ അനന്യമായ ഒരു സ്ഥാനമുണ്ട് ആ പ്രാർഥനക്ക്. എക്കാലത്തും മുസ്‌ലിം സമൂഹം അനുകരിക്കുകയും ആവർത്തിക്കുകയും തങ്ങളുടെ വിശ്വാസ-സമർപ്പണ ജീവിതത്തിന്റെ ഊർജമായി അവലംബിക്കുകയും ചെയ്യേണ്ടുന്ന ഒന്നാണ് ആ പ്രാർഥന.”**

കഅ്ബാ നിർമാണത്തിനുശേഷം ഇബ്റാഹീം നബിﷺയും പുത്രൻ ഇസ്മാഈൽ നബിﷺയും നടത്തിയ പ്രാർഥന വിശുദ്ധ ക്വുർആൻ ഉദ്ധരിക്കുന്നുണ്ട്. തൗഹീദിന്റെ ആദർശപരമായ ആർജവവും വിശ്വാസത്തിന്റെ മാർഗദർശനവുമുള്ള ഒരു ധർമാധിഷ്ഠിത സമൂഹം ഭൂമുഖത്ത് ആവിർഭവിക്കുവാനും നിലനിൽക്കുവാനുമുള്ള അഭിലാഷം പ്രതിഫലിക്കുന്ന ചരിത്രപ്രസിദ്ധമായ ആ പ്രാർഥന, പ്രപഞ്ചനാഥൻ സ്വീകരിച്ചു എന്നതിന് പിൽകാലാനുഭവങ്ങൾ സാക്ഷിയാണ്. ഇസ്‌ലാമിന്റെ ചരിത്രത്തിലും വിശ്വാസ സംഹിതകളിലും അനന്യമായ ഒരു സ്ഥാനമുണ്ട് ആ പ്രാർഥനക്ക്. എക്കാലത്തും മുസ്‌ലിം സമൂഹം അനുകരിക്കുകയും ആവർത്തിക്കുകയും തങ്ങളുടെ വിശ്വാസ-സമർപ്പണ ജീവിതത്തിന്റെ ഊർജമായി അവലംബിക്കുകയും ചെയ്യേണ്ടുന്ന ഒന്നാണ് ആ പ്രാർഥന. അതുകൊണ്ടുതന്നെ വിശുദ്ധ ക്വുർആൻ, ഇബ്റാഹീം നബിﷺയുടെ ത്യാഗനിർഭരമായ ജീവിത കഥനത്തിൽ ആ പ്രാർഥന ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇബ്റാഹീം നബിﷺ തനിച്ചും കഅ്ബ നിർമാണാനന്തര ഘട്ടത്തിൽ ഇബ്റാഹീം നബിﷺയും ഇസ്മാഈൽ നബിﷺയും ചേർന്ന് നടത്തുന്ന പ്രാർഥനകൾ ക്വുർആനിൽ കാണാം. ഏതാനും പ്രാർഥനകൾ കാണുക:


### മക്കാരാജ്യത്തിനു വേണ്ടി

"എന്റെ രക്ഷിതാവേ, നീ ഇതൊരു നിർഭയമായ നാടാക്കുകയും ഇവിടത്തെ താമസക്കാരിൽനിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്ക് കായ്കനികൾ ആഹാരമായി നൽകുകയും ചെയ്യേണമേ എന്ന് ഇബ്‌റാഹീം പ്രാർഥിച്ച സന്ദർഭവും (ഓർക്കുക)" (ക്വുർആൻ 2:126).

"ഇബ്‌റാഹീം നബിﷺ ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു). എന്റെ രക്ഷിതാവേ, നീ ഈ നാടിനെ (മക്കയെ) നിർഭയത്വമുള്ളതാക്കുകയും എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ".

### സ്വന്തത്തിന്നും സന്തതിപരമ്പരകൾക്കും വേണ്ടി

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഇരുവരെയും നിനക്ക് കീഴ്‌പ്പെടുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിനക്ക് കീഴ്‌പ്പെടുന്ന ഒരു സമുദായത്തെ ഉണ്ടാക്കുകയും ഞങ്ങളുടെ ആരാധനാക്രമങ്ങൾ ഞങ്ങൾക്ക് കാണിച്ച് തരികയും ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് (ഞങ്ങളുടെ സന്താനങ്ങൾക്ക്) നിന്റെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപ്പിച്ചുകൊടുക്കുകയും, വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽ നിന്നുതന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനിയുമാകുന്നു" (ക്വുർആൻ 2:128-129).



"ഞങ്ങളുടെ രക്ഷിതാവേ, എന്റെ സന്തതികളിൽനിന്ന് (ചിലരെ) കൃഷിയൊന്നും ഇല്ലാത്ത ഒരു താഴ്‌വരയിൽ നിന്റെ പവിത്രമായ ഭവനത്തിന്റെ (കഅ്ബയുടെ) അടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർ നമസ്കാരം മുറപ്രകാരം നിർവഹിക്കാൻ വേണ്ടിയാണ് (അങ്ങനെ ചെയ്തത്). അതിനാൽ മനുഷ്യരിൽ ചിലരുടെ മനസ്സുകളെ നീ അവരോട് ചായ്‌വുള്ളതാക്കുകയും അവർക്ക് കായ്കനികളിൽ നിന്ന് ഉപജീവനം നൽകുകയും ചെയ്യേണമേ. അവർ നന്ദി കാണിച്ചെന്നുവരാം"(ക്വുർആൻ 14:37).


"വാർധക്യകാലത്ത് എനിക്ക് ഇസ്മാഈലിനെയും ഇസ്ഹാക്വിനെയും പ്രദാനം ചെയ്ത അല്ലാഹുവിന് സ്തുതി. തീർച്ചയായും എന്റെ രക്ഷിതാവ് പ്രാർഥന കേൾക്കുന്നവനാണ്"(ക്വുർആൻ 14:39).

"എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽപെട്ടവരെയും (അപ്രകാരം ആക്കേണമേ). ഞങ്ങളുടെ രക്ഷിതാവേ എന്റെ പ്രാർഥന നീ സ്വീകരിക്കുകയും ചെയ്യേണമേ" (ക്വുർആൻ 14:40).

"ഞങ്ങളുടെ രക്ഷിതാവേ, വിചാരണ നിലവിൽ വരുന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും നീ പൊറുത്തുതരേണമേ" (ക്വുർആൻ 14:41).

മനുഷ്യചരിത്രത്തിൽ അനന്യമായ സ്വാധീനവും പ്രഭാവവും ചെലുത്തിയവയാണ് ഇബ്‌റാഹീം നബിﷺമിന്റെ പ്രാർഥനകളെല്ലാം. ലോകത്ത് ഏകദൈവ വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരാദർശ സമൂഹം ഉരുത്തിരിഞ്ഞുവന്നതിലും ധാർമികതയുടെയും സദ്‌വൃത്തിയുടെയും അടിസ്ഥാനത്തിൽ ജീവിക്കുന്ന സച്ചരിതരായ മാനവസമൂഹം ഉടലെടുത്തതിലും ഇബ്‌റാഹീം നബിﷺയുടെ ആത്മാർഥമായ പ്രാർഥനയുടെ സ്വാധീനമുള്ളതായി മനസ്സിലാക്കാം.

തനിക്കും തന്റെ സന്തതികൾക്കും പിൻമുറക്കാർക്കും ലോകത്ത് ഭരണവും ആധിപത്യവും രാജാധികാരവും വേണമെന്നല്ല ഇബ്‌റാഹീം നബിﷺ പ്രാർഥിച്ചത്. മറിച്ച് ഏകദൈവാദർശവും ഭക്തിയുമുള്ളവരാക്കി തന്റെ സന്തതിപരമ്പരകളെയും പിൻഗാമികളെയും പരിവർത്തിപ്പിക്കുവാനാണ് അദ്ദേഹം പ്രാർഥിച്ചത്.



സാജിദ പർവീൻ
mail@nerpatham.com

ആരോഗ്യപഥം

# മുട്ടുവേദനയും സ്ത്രീകളും

മുട്ടുവേദനയുടെ മുന്നിൽ മുട്ടുമടക്കാത്ത സ്ത്രീകൾ ചുരുക്കമാണ്. ഇതു മനസ്സിലാക്കാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിലുള്ള ഫിസിക്കൽ മെഡിസിൻ വിഭാഗം ഒ.പി.യിൽ ചെന്നുനോക്കിയാൽ മതി. ഇവിടെ ചികിൽസ തേടിയെത്തുന്ന നാൽപതു കഴിഞ്ഞ സ്ത്രീകളിൽ പത്തിൽ ഏഴു പേർക്കും മുട്ടുവേദനയാണ് പ്രശ്നം. ക്യൂവിൽ നിൽക്കാൻപോലും വയ്യാതെ വിഷമിക്കുന്നവരെ ഇവിടെ കാണാം. ചിലർ വീൽചെയറുകളിൽ ശരീരഭാരം ഇറക്കിവച്ചിരിക്കുന്നതും കാണാം. വർഷങ്ങളായി മരുന്നു കഴിച്ചിട്ടും മുട്ടുവേദനയ്ക്കു ശമനമില്ലെന്നാണ് ഇവരുടെ പരാതി. തങ്ങൾക്ക് ഇത്രയുംകാലം മുട്ടുവേദനയുടെ കാരണത്തിനല്ല ചികിൽസ ലഭിച്ചതെന്ന് തിരിച്ചറിയുമ്പോഴേക്കും ഇവർ ശയ്യാവലംബികളായിത്തീർന്നിരിക്കും.

### മുട്ടുവേദന എന്തുകൊണ്ട്?

ശരീരഭാരം വർധിക്കുന്നതും അതേ സമയം പേശികൾ ബലംകുറയുന്നതു മാണ് മുട്ടുവേദനയ്ക്കുള്ള കാരണം. ശ രീരത്തിന്റെ ഭാരം താങ്ങിനിർത്തുന്നത് എല്ലുകളും പേശികളും ചേർന്നാണ്. നാൽപതു വയസ്സുവരെ ശരീരപേശികൾ ക്ക് സ്വാഭാവിക ബലമുണ്ടാവും. എന്നാൽ പ്രായം കൂടുംതോറും പേശികൾ അ യഞ്ഞുതൂങ്ങും. അതോടെ എല്ലുകൾക്ക് ഇരട്ടിഭാരം താങ്ങേണ്ടിവരുന്നു.

കാലുകളാണ് ശരീരത്തിന്റെ മൊ ത്തം ഭാരത്തെ താങ്ങിനിർത്തുന്നത്. തൂണുകൾ ചിതലെടുത്ത കെട്ടിടംപോ ലെയാണ് പിന്നെ ശരീരത്തിന്റെ അവ സ്ഥ. ഏതുസമയത്തും നിലംപൊത്താ മെന്ന അവസ്ഥ. മടക്കാനും നിവർത്താ നും പണ്ടത്തെപ്പോലെ മുട്ടുകൾ വഴ ങ്ങുന്നില്ല എങ്കിൽ രോഗത്തിന്റെ ആ രംഭമായി. തുടർന്ന് മുട്ടുവേദനയിലേ ക്കു കടക്കാൻ അധികകാലം വേണ്ടി വരില്ല. മുട്ടിൽ മാത്രമല്ല, കാൽപാദങ്ങളിലും കാൽ ക്കുഴകളിലുമടക്കം അസഹനീയമായ വേദനയാ ണ് പിന്നീട് ഉണ്ടാവുക. ഭാരം താങ്ങിത്താങ്ങി എ ല്ലുകൾക്കു തേയ്മാനമുണ്ടാകുന്നതോടെയാണ് വേ ദന ആരംഭിക്കുന്നത്. അതോടെ വേദനസംഹാരി കളിൽ അഭയം തേടുകയാണ് മിക്കവരും കാണുന്ന പ്രതിവിധി.

> **അടുക്കള ജോലി നിന്നുകൊണ്ടു ചെയ്താലേ പെട്ടെന്നു തീരുകയുള്ളൂ എന്നത് ശരിതന്നെ. പു റത്തു തൊഴിലെടുക്കേണ്ടവളാണ് വീട്ടമ്മയെങ്കിൽ രാവിലെ നാലു കൈകളുണ്ടായാലും തികയുക യില്ല. പക്ഷേ, മുട്ടുവേദന കലശലായാൽ അൽ പം നീക്കുപോക്കിനു നിങ്ങൾ തയ്യാറായേ പറ്റൂ. ദോശചുടുന്നിടത്ത് പൊക്കമുള്ള ഒരു സ്റ്റൂളിട്ട് ഇ രിക്കാം. അതോടൊപ്പം കറികൾക്ക് അരിയുക യും ചെയ്യാം. ജോലികൾ എല്ലാം ഒറ്റയടിക്കു തീർ ത്തുകൊണ്ട് നല്ല വീട്ടമ്മയുടെ സർട്ടിഫിക്കറ്റ് വാ ങ്ങേണ്ട കാര്യമില്ല. അതു നിങ്ങൾ നിങ്ങളെ ഇല്ലാ താക്കലാണ്. പത്തു മിനിട്ടു നിൽക്കുമ്പോൾ അ ഞ്ചു മിനിട്ട് ഇരിക്കണം. ഉത്തരവാദിത്തങ്ങളുടെ ഭാരം അപ്പാടെ ചുമക്കാൻ മെനക്കെട്ടാൽ ശരീര ഭാരവുംകൂടി ചേരുമ്പോൾ മുട്ടുകൾ തകർക്കപ്പെ ടും. പിന്നെ നിങ്ങളുടെ കാൽമുട്ടുകൾ അനശ്ചി തകാല പണിമുടക്കിലേക്കു പ്രവേശിക്കും.**

### എന്തുകൊണ്ട് സ്ത്രീകളിൽ?


മുട്ടുവേദനയുടെ ഇരകൾ സ്ത്രീകളാണെന്നു കേട്ട് ഇതൊരു സ്ത്രീജന്യരോഗമാണെന്നു തെറ്റി ദ്ധരിക്കേണ്ട. എന്നാൽ സ്ത്രീയുടെ ജീവിതസാഹ ചര്യവുമായി ഇതിന് നല്ല ബന്ധമുണ്ട്. തുടർച്ചയാ യി മണിക്കൂറുകളോളം അടുക്കളജോലി ചെയ്യുന്ന സ്ത്രീകൾ മുട്ടുകളെക്കൊണ്ട് എത്രമാത്രം ജോ ലിചെയ്യിക്കുന്നുവെന്ന് ചിന്തിക്കാറില്ല. നിങ്ങൾക്ക് പത്തു കിലോയുടെ ഒരു അരിച്ചാക്കും തലയിൽ വച്ചുകൊണ്ട് എത്രനേരം നടക്കാൻ പറ്റും? കഴു ത്ത് കഴയ്ക്കുമ്പോൾ ചുമടിറക്കി നിങ്ങൾ വിശ്രമി ക്കും. പത്തു കിലോ അരിയുടെ വിലയേക്കാൾ ഓ ട്ടോചാർജ് കൊടുക്കേണ്ടിവന്നാലും ആയാസമോർ ത്ത് നിങ്ങൾ ഒരു ഓട്ടോ വിളിക്കും. അപ്പോൾ നി ങ്ങളുടെ കാലുകൾ ഒരു ദിവസം ചുമക്കുന്ന ഭാരം എത്രയെന്ന് ആലോചിച്ചുനോക്കൂ.

### സ്ത്രീകളുടെ മുട്ടുകൾ താങ്ങുന്നത് 60-80 കിലോ

60-70 കിലോ ഭാരം രണ്ട് കൊച്ചു കാൽമുട്ടുക ളുടെ മേൽ താങ്ങിക്കൊണ്ട് സ്ത്രീകൾ എത്രസമ യമാണ് അടുക്കളയിൽ ഒരേനിൽപ് നിൽക്കാറ്? ഉ ദ്യോഗസ്ഥയാണെങ്കിൽ രാവിലെ അഞ്ചു മുതൽ ഒമ്പതുവരെ. അതായത് കാലുകളിലെ എല്ലുകൾ ഭാരം വഹിക്കുന്നത് നാലു മണിക്കൂർ. വീട്ടമ്മയാ ണെങ്കിൽ ആറോ എട്ടോ മണിക്കൂർ. രാവിലെ അ ടുക്കളയിൽ കയറുന്ന ഉദ്യോഗസ്ഥയായ വീട്ടമ്മ ഇരിക്കുന്നത് പ്രാതൽ കഴിക്കാൻ മാത്രം. അതും വെറും അഞ്ചുമിനിട്ടു സമയം. വീണ്ടും ഓഫീസി ലെത്തുന്നതുവരെ ഭാരം കാൽമുട്ടുകൾക്കു മുക ളിൽത്തന്നെ. ഇനി ഉദ്യോഗസ്ഥ ഒരു നഴ്സോ ടീ ച്ചറോ മറ്റോ ആണെങ്കിലോ? സംഗതി വീണ്ടും കു ഴഞ്ഞു. ഡ്യൂട്ടിസമയത്ത് നിന്നുകൊണ്ടുള്ള ജോ ലിക്കുശേഷം വീട്ടിലെത്തി രാത്രി പത്തുമണിവരെ വീണ്ടും അടുക്കളജോലി. സ്ത്രീകളിൽ മുട്ടുവേദ നയെന്ന അസുഖം വ്യാപകമാവാനുള്ള കാരണ ങ്ങൾ ഇതൊക്കെയാണ്.

### മരുന്നില്ലാതെ കാരണത്തെ ചികിൽസിക്കാം

വേദനസംഹാരികൾ കൊണ്ട് മുട്ടുവേദനയെന്ന പ്രശ്നത്തെ ശാശ്വതമായി ഒതുക്കാമെന്നു കരുതേ ണ്ട. കാരണം അതിനിടയാക്കിയ കാരണം അപ്പോ ഴും തുടരുകയാണ്. അതുകൊണ്ട് കാരണത്തെ




യാണ് ചികിൽസിക്കേണ്ടത്. ഇതിനു രണ്ടു വഴികളാണ്. ഒന്നാമത്തേത് ഭാരം കുറയ്ക്കുക എന്ന വഴി. രണ്ടാമത്തേത് മസിലുകൾ ഉറപ്പിക്കുക എന്ന വഴി.

### ആഹാരം കഴിച്ചുകൊണ്ടുതന്നെ ഭാരം കുറയ്ക്കാം

'നിങ്ങളുടെ മുട്ടുവേദനയുടെ കാരണം ഓവർ വെയിറ്റാണ്. ഉടൻ പത്തു കിലോ കുറച്ചാലേ വേദന മാറൂ' എന്നാണ് ഡോക്ടർ രോഗിയോടു പറയുന്നതെങ്കിൽ പിഴച്ചു. രോഗി അന്നു മുതൽ ഭക്ഷണത്തിന്റെ അളവു കുറയ്ക്കാൻ തുടങ്ങും. അതോടെ മറ്റു രോഗങ്ങൾക്കൂടി കടന്നുവരുമെന്നുറപ്പ്. എന്തൊക്കെ കഴിക്കണം, എന്തെല്ലാം ഒഴിവാക്കണം എന്നു നിർദേശിക്കുന്ന ഒരു ഡയറ്റ്ചാർട്ടാണ് ഇവിടെ രോഗിക്കു ലഭിക്കേണ്ടത്. മറ്റു രോഗങ്ങൾ ഇല്ലാത്തവർക്ക് താഴെ പറയുന്ന ഭക്ഷണമാതൃക സ്വീകരിക്കാം:

### ഒഴിവാക്കേണ്ടത്

മധുരം, എണ്ണയിൽ വറുത്ത ആഹാരം, കിഴങ്ങുവർഗങ്ങൾ, ഇടയ്ക്കിടെ കൊറിക്കുന്ന ശീലം, അന്നജം കൂടുതലടങ്ങിയ ആഹാരം, ബാക്കിവരുന്ന ഭക്ഷണം.

### കഴിക്കേണ്ടത്

പച്ചക്കറികൾ, പഴങ്ങൾ/പഴച്ചാറുകൾ, കാലറി കുറഞ്ഞ ഭക്ഷണം, സാലഡുകൾ, ആവിയിൽ വേവിച്ച ഭക്ഷണം, ദിവസം 10-12 ഗ്ലാസ് വെള്ളം

### വ്യായാമവും വിശ്രമവും

മുട്ടുവേദനയുള്ളയാളോട് ദിവസം മൂന്നു കിലോമീറ്റർ നടക്കണമെന്ന് ഒരു ഡോക്ടറും പറയുകയില്ല. അത് അപ്രായോഗികമാണെന്ന് പ്രത്യേകിച്ചു പറയേണ്ടതില്ല. എന്നാൽ രോഗിക്ക് ആശ്വാസം പകരുന്ന മറ്റു വ്യായാമങ്ങൾ ഇന്ന് പ്രചാരം നേടുന്നുണ്ട്. കിടന്ന് വിശ്രമിക്കുന്ന വേളയിലും ചെയ്യാവുന്ന ഒരു ലഘുവ്യായാമം ഇതാ:

തലയിണയില്ലാതെ കട്ടിലിൽ മലർന്നുകിടക്കണം. ടർക്കിയോ കട്ടിയുള്ള കോട്ടൻ തുണിയോ ഉരുട്ടിയെടുത്ത് ഈ സമയത്ത് കാൽമുട്ടുകൾക്കടിയിൽ വയ്ക്കണം. കുഴലുപോലൊരു സഞ്ചിയുണ്ടാക്കി അതിൽ ചകിരി നിറച്ചാലും മതി. ഇനി ഓരോ മുട്ടും മാറിമാറി തലയിണയിലേക്ക് അമർത്തുക. കൈകൊണ്ടു പിടിച്ചല്ല, മറിച്ച് സ്വയം ബലംപ്രയോഗിച്ചുവേണം അമർത്താൻ. പത്തുവരെ എണ്ണുന്ന സമയം ഇങ്ങനെ അമർത്തിക്കൊണ്ടു കിടക്കുക. ആദ്യമൊക്കെ പത്തുതവണ ഇതുപോലെ ആവർത്തിക്കുക. പിന്നീട് ആവുന്നത്ര സമയം (കുറഞ്ഞത് അര മണിക്കൂർ). കിടന്ന് വിശ്രമിക്കാൻ സമയമില്ലാത്തവർക്കും ഈ വ്യായാമം ചെയ്യാം. കറിക്കരിയാനായി നിലത്ത് കാൽനീട്ടിയിരിക്കുക. മുട്ടുകൾക്കടിയിൽ കട്ടിക്ക് തുണിയോ ചകിരിത്തലയിണയോ വച്ച് അമർത്തിക്കൊണ്ടിരിക്കുക. എത്ര തവണ ആവർത്തിക്കുന്നുവോ അത്രയും വേഗം മുട്ടുവേദന മാറിക്കിട്ടും.

### ഇടയ്ക്കിടെ ഇരിക്കുക

അടുക്കള ജോലി നിന്നുകൊണ്ടു ചെയ്താലേ പെട്ടെന്നു തീരുകയുള്ളൂ എന്നത് ശരിതന്നെ. പുറത്തു തൊഴിലെടുക്കേണ്ടവളാണ് വീട്ടമ്മയെങ്കിൽ രാവിലെ നാലു കൈകളുണ്ടായാലും തികയുകയില്ല. പക്ഷേ, മുട്ടുവേദന കലശലായാൽ അൽപം നീക്കുപോക്കിനു നിങ്ങൾ തയ്യാറായേ പറ്റൂ. ദോശ ചുടുന്നിടത്ത് പൊക്കമുള്ള ഒരു സ്റ്റൂളിട്ട് ഇരിക്കാം. അതോടൊപ്പം കറികൾക്ക് അരിയുകയും ചെയ്യാം. ജോലികൾ എല്ലാം ഒറ്റയടിക്കു തീർത്തുകൊണ്ട് നല്ല വീട്ടമ്മയുടെ സർട്ടിഫിക്കറ്റ് വാങ്ങേണ്ട കാര്യമില്ല. അതു നിങ്ങൾ നിങ്ങളെ ഇല്ലാതാക്കലാണ്. പത്തു മിനിട്ടു നിൽക്കുമ്പോൾ അഞ്ചു മിനിട്ട് ഇരിക്കണം. ഉത്തരവാദിത്തങ്ങളുടെ ഭാരം അപ്പാടെ ചുമക്കാൻ മെനക്കെട്ടാൽ ശരീരഭാരവുംകൂടി ചേരുമ്പോൾ മുട്ടുകൾ തകർക്കപ്പെടും. പിന്നെ നിങ്ങളുടെ കാൽമുട്ടുകൾ അനശ്ചിതകാല പണിമുടക്കിലേക്കു പ്രവേശിക്കും.



ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

# മദീനയിലേക്കുള്ള പലായനം

**മുഹമ്മദ് നബിﷺ 29**

രണ്ടാം അക്വബ ഉടമ്പടിക്കുശേഷം യഥ്‌രിബുകാർ സ്വന്തം നാട്ടിലേക്കു മടങ്ങി. അവർ സ്വന്തം കുടുംബങ്ങൾക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തി. അങ്ങനെ യഥ്‌രിബിൽ ഇസ്‌ലാം കൂടുതൽ വ്യാപിച്ചു തുടങ്ങി.

നബിﷺ എവിടേക്കാണ് ഹിജ്‌റ പോകേണ്ടത് എന്നത് ഇടയ്ക്കിടെ സ്വപ്നത്തിലൂടെ കാണാറുണ്ടായിരുന്നു. നബിﷺ തന്നെ പറയുന്നത് കാണുക:

"ധാരാളം ഈത്തപ്പനകളുള്ള ഒരു നാട്ടിലേക്ക് മക്കയിൽനിന്ന് ഞാൻ ഹിജ്‌റ പോകുന്നത് സ്വപ്നത്തിൽ കാണുകയുണ്ടായി. അങ്ങനെ അത് യമാമയായിരിക്കുമോ, അല്ലെങ്കിൽ ഹജ്‌റ് പ്രദേശമായിരിക്കുമോ എന്നെല്ലാം

(എനിക്ക്) തോന്നി. എന്നാൽ അത് യഥ്‌രിബ് ആകുന്ന മദീനയായിരുന്നു" (ബുഖാരി).

നബിﷺ മക്കയിലുണ്ടായിരുന്ന വിശ്വാസികൾ ഓരോരുത്തരോടായി യഥ്‌രിബിലേക്ക് പലായനം ചെയ്യാനായി അല്ലാഹുവിന്റെ കൽപന പ്രകാരം നിർദേശിച്ചു. ആദ്യം നേതാവായ നബിയല്ല പോകുന്നത്. അനുയായികളോട് ആദ്യം രക്ഷപ്പെടാൻ കൽപിക്കുകയാണ് അവിടുന്ന് ചെയ്തത്. അങ്ങനെ ഓരോരുത്തരും മക്ക വിട്ടു യഥ്‌രിബിലേക്ക് പോയി. മക്കയിൽനിന്നും മദീനയിലേക്ക് ഹിജ്റ പോയ ഇവരാണ് 'മുഹാജിറുകൾ' എന്ന പേരിൽ അറിയപ്പെടുന്ന സ്വഹാബിമാർ.

സന്തോഷത്താലുള്ള ഒരു യാത്രയായിരുന്നില്ല അത്. കാരണം, മുഹാജിറുകളുടെ ആദ്യഘട്ട ചരിത്രം നോക്കിയാൽ, ആദ്യമായി മക്കവിട്ട് പോയ കുടുംബം അബൂസലമ﵁യുടെതാണ്. സലമ﵁ കൈക്കുഞ്ഞായിരിക്കുന്ന സമയത്താണ് അബൂസലമ﵁- ഉമ്മുസലമ﵁ കുടുംബം യഥ്‌രിബിലേക്ക് പോകുന്നത്. അതുപോലെ മുസ്അബ്﵁, അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂം﵁, ബിലാൽ﵁, സഅ്ദ് ബ്നു അബീ വക്വാസ്﵁, അമ്മാർ﵁, ഉമറുബ്നുൽ ഖത്വാബ്﵁ തുടങ്ങിയ ഇരുപതോളം സ്വഹാബിമാരാണ് ആദ്യമായി പോയത്.

മുസ്‌ലിംകൾ ഓരോരുത്തരായി മക്കവിടുന്നു എന്ന വിവരം ക്വുറയ്ശികൾ അറിഞ്ഞു. അവരെ തടയാൻ ആവുന്ന അടവുകളെല്ലാം പയറ്റിനോക്കി. ഭീഷണിപ്പെടുത്തി തടയാൻ തുടങ്ങി. സമ്പന്നരായവർ മക്ക വിടുമ്പോൾ സമ്പത്ത് കൊണ്ടുപോകാൻ സമ്മതിക്കില്ലെന്നു പറഞ്ഞ് തടഞ്ഞു. ഇവിടെനിന്നും ഉണ്ടാക്കിയ സ്വത്ത് ഇവിടെ ഉപേക്ഷിച്ച് ഒറ്റക്ക് വേണമെങ്കിൽ പോകാം എന്നായിരുന്നു അവർ പറഞ്ഞിരുന്നത്. യഥ്‌രിബിലേക്കുള്ള യാത്ര തടയലായിരുന്നു അവരുടെ തന്ത്രം. ആർക്കും തന്റെ മുതലിനോട് സ്നേഹവും അത് നഷ്ടപ്പെടുന്നതിൽ വേദനയും ഉണ്ടാകുമല്ലോ. അപ്പോൾ ഇപ്രകാരം തീരുമാനിച്ചാൽ അവർ മക്കയിൽനിന്ന് പോകില്ല എന്നായിരുന്നു അവർ വിചാരിച്ചത്. ഈമാനിന്റെ മാധുര്യം ആസ്വദിച്ചുകൊണ്ടിരിക്കുന്ന അവർക്ക് പണമായിരുന്നില്ല വലുത്. അവർ എല്ലാം ഉപേക്ഷിച്ച് യഥ്‌രിബിലേക്ക് പോകാൻ തയ്യാറായി.

ഭാര്യയും ഭർത്താവും കുട്ടികളുമായി പോകുന്നവരും അവരിൽ ഉണ്ടായിരുന്നു. നേരത്തെ സൂചിപ്പിച്ച സലമത്ത് കുടുംബം അവരിൽ പെട്ടവരാണ്. മടിത്തട്ടിൽ കളിച്ചുനടക്കുന്ന പ്രായമാണ് അന്ന് സലമത്തി﵁ന്. അബൂസലമ﵁ ഭാര്യയെയും കുട്ടിയെയും വാഹനപ്പുറത്ത് ഇരുത്തി പോകുമ്പോൾ മക്കക്കാർ തടയുകയുണ്ടായി.

അവർ ചോദിച്ചു: "എവിടേക്കാണ് പോകുന്നത്?"

"യഥ്‌രിബിലേക്ക്."

"ഭാര്യയെയും കുഞ്ഞിനെയും ഇവിടെ ഒഴിവാക്കി തനിച്ച് പോകുക."

ആരും പതറിപ്പോകുന്ന ഭീഷണിയാണല്ലോ ഇത്. ശത്രുക്കൾ വിചാരിച്ചത് ഇപ്രകാരം പറഞ്ഞാൽ അവരെ തളച്ചിടാമെന്നായിരുന്നു. അങ്ങനെ ഭാര്യയെയും കുട്ടിയെയും തന്നിൽനിന്നും വേർപെടുത്തി. എന്നാൽ ഭാര്യയും കുഞ്ഞും തമ്മിൽ ബന്ധമുണ്ടോ? അതും ഇല്ല! ആ രംഗവും കാണേണ്ടി വരികയാണ് അബൂ സലമ﵁ക്ക്. കുട്ടിയെ ആരോ കൊണ്ടുപോയി. ഉമ്മയെ വേറൊരാളും. ഉപ്പയും ഉമ്മയും കുഞ്ഞും വേറെ വേറെ. ഒരു ഭാഗത്ത് കുഞ്ഞിന്റെ കരച്ചിൽ. ഒരു ഭാഗത്ത് നിസ്സഹായയായ ഭാര്യയുടെ വിതുമ്പൽ. ഒരു ഭാഗത്ത് അല്ലാഹുവിന്റെ കൽപന. ഏത് തിരഞ്ഞെടുക്കും? അബൂസലമ﵁ ആലോചിച്ചു. യഥ്‌രിബിലേക്ക് അല്ലാഹുവിന്റെ കൽപന പ്രകാരം ഒറ്റക്ക് ഹിജ്റ പോകാൻ അബൂസലമ﵁ തീരുമാനിച്ചു. അങ്ങനെ യഥ്‌രിബിലേക്ക് തനിച്ച് പുറപ്പെട്ടു. അബൂസലമ﵁ യഥ്‌രിബിലേക്ക് പോയ അന്നുമുതൽ ഏകദേശം ഒരു കൊല്ലത്തോളം മക്കയുടെ തെരുവുകളിൽ എന്നെ യഥ്‌രിബിലേക്ക് പോകാൻ സമ്മതിക്കൂ എന്ന് പറഞ്ഞ് കരഞ്ഞുകൊണ്ടേയിരുന്നു. മാസങ്ങളോളം കുഞ്ഞിനെ തന്നിലേക്ക് ഏൽപിക്കാനും

> **മുസ്‌ലിംകൾ ഓരോരുത്തരായി മക്കവിടുന്നു എന്ന വിവരം ക്വുറയ്ശികൾ അറിഞ്ഞു. അവരെ തടയാൻ ആവുന്ന അടവുകളെല്ലാം പയറ്റിനോക്കി. ഭീഷണിപ്പെടുത്തി തടയാൻ തുടങ്ങി. ഇവിടെനിന്നും ഉണ്ടാക്കിയ സ്വത്ത് ഇവിടെ ഉപേക്ഷിച്ച് ഒറ്റക്ക് വേണമെങ്കിൽ പോകാം എന്നായിരുന്നു അവർ പറഞ്ഞിരുന്നത്. യഥ്‌രിബിലേക്കുള്ള യാത്ര തടയലായിരുന്നു അവരുടെ തന്ത്രം. ഈമാനിന്റെ മാധുര്യം ആസ്വദിച്ചുകൊണ്ടിരിക്കുന്ന അവർക്ക് പണമായിരുന്നില്ല വലുത്. അവർ എല്ലാം ഉപേക്ഷിച്ച് യഥ്‌രിബിലേക്ക് പോകാൻ തയ്യാറായി.**

യഥ്‌രിബിലേക്ക് പോകാനും ശത്രുക്കളോട് ആ മഹതി കെഞ്ചിനോക്കി. അവർ കുഞ്ഞിനെ കൊടുത്തില്ല. യഥ്‌രിബിലേക്കുള്ള അനുവാദവും നൽകിയില്ല. കുറെ നാളുകൾ കഴിഞ്ഞപ്പോൾ ഒരാളുടെ ഹൃദയത്തിൽ ആ മഹതിയുടെ കരച്ചിൽ വല്ലാതെ വേദനയുണ്ടാക്കി. അദ്ദേഹം മുസ്‌ലിമൊന്നും ആയിരുന്നില്ല. മനസ്സലിഞ്ഞ അദ്ദേഹം ഈ ക്രൂരതക്കെതിരെ ജനങ്ങളെ ചോദ്യം ചെയ്തു. ഉമ്മുസലമ(റ)യോട് ഭർത്താവിന്റെ അടുത്തേക്ക് പോകാനും ആരും നിന്നെ തടയില്ലെന്നും അദ്ദേഹം പറഞ്ഞു. ഉമ്മു സലമഃ(റ) പറഞ്ഞു: 'അബ്ദുൽ അസദിന്റെ കുടുംബം എന്റെ കുഞ്ഞിനെ തടഞ്ഞുവെച്ചിരിക്കുകയാണ്.' അപ്പോൾ അദ്ദേഹം അവരിൽനിന്നും കുഞ്ഞിനെ വാങ്ങി ഉമ്മയെ ഏൽപിച്ചു. അങ്ങനെ കുഞ്ഞിനെയുമായി ഉമ്മു സലമ(റ) ഒറ്റക്ക് യാത്ര തുടങ്ങി. ഇതൊക്കെയായിരുന്നു ആദ്യത്തെ ഹിജ്‌റയുടെ അവസ്ഥ!

ഓരോരുത്തരായി മക്കവിട്ടു. ശത്രുക്കൾ രോഷാകുലരായി. ഇനി നേതാവ് മുഹമ്മദും സ്ഥലം കാലിയാക്കുമെന്ന് അവർക്ക് മനസ്സിലായി. അവർ യോഗം ചേർന്നു. അല്ലാഹു പറയുന്നു:

"നിന്നെ ബന്ധനസ്ഥനാക്കുകയോ കൊല്ലുകയോ നാട്ടിൽനിന്ന് പുറത്താക്കുകയോ ചെയ്യാൻ വേണ്ടി നിനക്കെതിരായി സത്യനിഷേധികൾ തന്ത്രം പ്രയോഗിച്ചിരുന്ന സന്ദർഭം (ഓർക്കുക). അവർ തന്ത്രം പ്രയോഗിക്കുന്നു. അല്ലാഹുവും തന്ത്രം പ്രയോഗിക്കുന്നു. എന്നാൽ അല്ലാഹുവാണ് തന്ത്രം പ്രയോഗിക്കുന്നവരിൽ മെച്ചപ്പെട്ടവൻ" (ക്വുർആൻ 8:30).

നബി(ﷺ)യെ ബന്ധനസ്ഥനാക്കണോ, കൊന്നുകളയണോ, നാട്ടിൽനിന്ന് പുറത്താക്കണോ എന്നെല്ലാം തീരുമാനിക്കാനായി അവർ ഒത്തുചേർന്നു. അതിനായി പല കുതന്ത്രങ്ങളും മെനഞ്ഞു. എന്നാൽ നബി(ﷺ)ക്കെതിരിൽ അവർ കുതന്ത്രം മെനഞ്ഞപ്പോൾ അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. അവരുടെ കുതന്ത്രം പരാജയപ്പെടുകയും അല്ലാഹുവിന്റെ തന്ത്രം വിജയിക്കുകയും ചെയ്തു. അല്ലാഹുവിനെ പരാജയപ്പെടുത്താൻ ആർക്കും സാധിക്കില്ലല്ലോ.

അവർ നബി(ﷺ)യുടെ വീട് വളഞ്ഞു. എല്ലാവരുടെയും കയ്യിൽ വാളും നൽകി. പുറത്തിറങ്ങിയാൽ കൊന്നു കളയുക; ഇതായിരുന്നു തീരുമാനം. നബി(ﷺ) തന്ത്രപരമായി അലി(റ)യെ തന്റെ വിരിപ്പിൽ കിടത്തി. നബി(ﷺ) അവിടെനിന്നും പുറത്തിറങ്ങി. ശത്രുക്കളുടെ കണ്ണിൽപെടാതെ അല്ലാഹു നബി(ﷺ)യെ അത്ഭുതകരമായി അവിടെനിന്നും രക്ഷപ്പെടുത്തി.

നബി(ﷺ) യഥ്‌രിബിലേക്ക് ഹിജ്‌റ പോകാനുള്ള അനുവാദം കിട്ടിയ വിവരം നേരത്തെതന്നെ അബൂബക്‌റി(റ)നെ അറിയിച്ചിരുന്നു. തനിക്ക് അല്ലാഹു ഉത്തമനായ ഒരു കൂട്ടുകാരനെ തരുന്നതാണെന്നും നബി(ﷺ) പറഞ്ഞു. ഇത് അബൂബക്‌റി(റ)ന് ഒരു സൂചന നൽകിയതായിരുന്നു. ആ കൂട്ടുകാരൻ ഞാനായിരുന്നെങ്കിൽ എന്ന് അബൂബക്ർ(റ) കൊതിച്ചു.

ശത്രുക്കളുടെ കണ്ണിൽപെടാതെ രക്ഷപ്പെട്ട നബി(ﷺ) നേരെ അബൂബക്‌റി(റ)ന്റെ വീട്ടിലേക്ക് പോയി. വളരെ സ്വകാര്യമായി ഇരുവരും ഥൗർ ഗുഹയെ ലക്ഷ്യംവെച്ച് യാത്ര തുടർന്നു.

നബി(ﷺ)യുടെ വീടു വളഞ്ഞ്, പുറത്ത് കടക്കുമ്പോൾ പിടിക്കാൻ നിൽക്കുന്ന ആളുകൾ നബി(ﷺ)യെ കാണുന്നില്ല! വിരിപ്പിൽ കണ്ടത് അലി(റ)യെയാണ്. നബി(ﷺ)യും അബൂബക്‌റും(റ) രക്ഷപ്പെട്ട വിവരം മക്കയിൽ പരസ്യമായി. രോഷം കത്തിയാളി. നാലുപാടും അവർ തെരയാൻ തുടങ്ങി. നബി(ﷺ)യും അബൂബക്‌റും(റ) ഥൗർ ഗുഹയിൽ ഇരിക്കുന്ന സമയത്ത് ശത്രുക്കൾ തൊട്ടടുത്ത സ്ഥലത്തുവരെ എത്തി. ഗുഹയിൽനിന്ന് ശത്രുവിന്റെ കാൽ ഗുഹാമുഖത്ത് ഇരുവരും കാണുന്നുണ്ട്! ഈ സന്ദർഭത്തിൽ നബി(ﷺ)യോട് അബൂബക്ർ(റ) പറഞ്ഞു:

'അല്ലാഹുവിന്റെ പ്രവാചകരേ, അവരിൽ ആരെങ്കിലും തന്റെ ദൃഷ്ടി താഴ്ത്തിയാൽ നമ്മെ കാണുകയില്ലേ?' നബി(ﷺ) പറഞ്ഞു: 'അബൂബക്‌റേ, സംസാരിക്കല്ലേ. മൂന്നാമനായി അല്ലാഹു ഉള്ള രണ്ടാളുകളാണ് (നാം).'


ക്വുർആൻ ഈ കാര്യം പറയുന്നത് ഇപ്രകാരമാണ്:

"നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബക്‌റും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേ

ഹത്തിന് ഇറക്കിക്കൊടുക്കുകയും നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു...'' (ക്വുർആൻ 9:40).

അല്ലാഹു ഇരുവരെയും ശത്രുക്കളിൽനിന്നും രക്ഷപ്പെടുത്തി. ഈ സന്ദർഭത്തെ കുറിച്ച് പല കഥകളും പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഗുഹാമുഖത്ത് ചിലന്തികൾ ആ സമയത്ത് കൂടുകൂട്ടിയെന്നും ഇതു കണ്ട ശത്രുക്കൾ ഇതിൽ ആരും ഉണ്ടാകില്ലെന്ന് ചിന്തിച്ച് ആ ഗുഹയിലേക്ക് തിരഞ്ഞുനോക്കിയല്ല എന്നുമെല്ലാം കാണാം. ഇതൊന്നും ശരിയായ റിപ്പോർട്ടുകളല്ല. അതുപോലെ ഗുഹാമുഖത്ത് ഒരു വൃക്ഷം ഉണ്ടാകുകയും അതിൽ മാടപ്രാവ് വന്ന് കൂടുകൂട്ടുകയും അതിൽ അത് മുട്ടയിടുകയും ചെയ്തിട്ടുണ്ടായിരുന്നു; ആൾ പെരുമാറ്റമുള്ള സ്ഥലത്ത് മാടപ്രാവ് കൂട്ടുകൂടില്ല എന്ന് മനസ്സിലാക്കി അവർ ആ ഗുഹയിലേക്ക് നോക്കാതെ പോയി എന്നും പറയപ്പെടുന്നു. ഇതും ശരിയായ റിപ്പോർട്ടുകളല്ല. ഇതിനൊന്നും യാതൊരു അടിസ്ഥാനവുമില്ല.

മൂന്നുദിവസത്തെ താമസത്തിനുശേഷം ഇരുവരും അവിടെനിന്നും പുറപ്പെട്ടു. അവിടെനിന്നും നേരെ യഥ്‌രിബിലേക്ക് പറപ്പെട്ടാൽ ശത്രുക്കൾ കാണും. അതിനാൽ യഥ്‌രിബിലേക്ക് കുറുക്കുവഴി അറിയാവുന്ന, മുസ്‌ലിമല്ലാത്ത വിശ്വസ്തനായ ഒരു സുഹൃത്തിനെ അവർ യാത്രക്ക് വഴികാട്ടിയായി സ്വീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ പേര് അബ്ദുല്ലാഹിബ്നു ഉറയ്ക്വിത് എന്നായിരുന്നു. നബിﷺ അദ്ദേഹത്തിന്റെ സഹായം ഉപയോഗപ്പെടുത്തി. ഥൗർ ഗുഹയിൽ കഴിയുന്ന വേളയിൽ ഭക്ഷണവുമായി വരുന്നവരുടെ കാൽപാടുകൾ മായ്ക്കാനായി ആമിർ എന്ന ഒരു ഇടയനെയും ഏർപാട് ചെയ്തിരുന്നു. അദ്ദേഹം തന്റെ ആടുകളെ അതിലൂടെ നടത്തിക്കും.



അല്ലാഹുവിൽ തവക്കുൽ ചെയ്ത് (ഭരമേൽപിച്ച്) ജീവിക്കുന്നവൻ തന്നാൽ കഴിയുന്നതെല്ലാം ചെയ്തിട്ടായിരിക്കണം ഭരമേൽപിക്കേണ്ടത് എന്ന ഒരു സന്ദേശം ഇതിൽനിന്ന് നമുക്ക് ലഭിക്കുന്നുണ്ട്. നബിﷺ ഹിജ്‌റക്ക് ഒരുങ്ങുന്നതിന് മുമ്പേ ആവശ്യമായ ഓരോന്നും തയ്യാറാക്കിയതിന് ശേഷമായിരുന്നു അല്ലാഹുവിൽ തവക്കുൽ ചെയ്തിരുന്നത്.

യാത്രക്കിടയിൽ ഇരുവരും വിശന്ന് അവശരായി. അവർ അബൂമഅ്ബദ് എന്ന് പേരുള്ള ഒരാളുടെ വീട്ടിൽ എത്തി. അദ്ദേഹത്തിന്റെ വീട്ടിൽ കഴിക്കാൻ ഒന്നുമില്ലായിരുന്നു. കറവ വറ്റിയ ഒരു ആട് മാത്രമെ ആ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹവും മുസ്‌ലിമായിരുന്നില്ല. നബിﷺ അവരോടെല്ലാം മാന്യമായിട്ടാണ് പെരുമാറിയത്. അതാണ് പ്രവാചക ജീവിതം. നബിﷺ ചോദിച്ചു: 'എവിടെ ആ ആട്?' അദ്ദേഹം ആടിനെ കാണിച്ചുകൊടുത്തു. ആടിനെ നബിﷺയുടെ അടുത്തേക്ക് കൊണ്ടുവരാൻ പറഞ്ഞു. അതിനെ കൊണ്ടുവന്നു. എന്നിട്ട് അതിൽ അല്ലാഹുവിന്റെ ബറകതിനായി അല്ലാഹുവിനോട് നബിﷺ തേടി. ശേഷം നബിﷺ അതിനെ കറക്കാൻ തുടങ്ങി. അത്ഭുതം! ധാരാളം പാൽ ലഭിക്കുന്നു. നബിﷺയും അബൂബക്‌റും(റ) അതിൽനിന്ന് നന്നായി കുടിച്ചു. അബൂമഅ്ബദും കുടിച്ചു. അബൂമഅ്ബദ്, നബിﷺയോട് ആ സമയത്ത് ചോദിച്ചു: 'മതം മാറിയ ഒരു പുത്തൻവാദിയുണ്ടെന്ന് ക്വുറയ്ശികൾ പറയുന്ന ആൾ താങ്കളാണോ?' നബിﷺ പറഞ്ഞു: 'അവർ അങ്ങനെ പറയുന്നു.' (ഞാൻ മതം മാറുകയോ പുതിയ മതം സ്വീകരിക്കുകയോ ഒന്നും ചെയ്തിട്ടില്ല). ആ സമയത്ത് അബൂമഅ്ബദ് നബിﷺയിൽ വിശ്വസിച്ചതായി പ്രഖ്യാപിച്ചു. ഇമാം ബസ്സാർ(റഹി) ഹസനായ സനദോടെ ഈ സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(അവസാനിച്ചില്ല)**

ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം



# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

13

അല്ലാഹു പറയുന്നു: "അങ്ങനെ നിങ്ങൾ ഹജ്ജ് കർമം നിർവഹിച്ചുകഴിഞ്ഞാൽ നിങ്ങളുടെ പിതാക്കളെ നിങ്ങൾ പ്രകീർത്തിച്ചിരുന്നത് പോലെയോ അതിനെക്കാൾ ശക്തമായനിലയിലോ അല്ലാഹുവെ നിങ്ങൾ പ്രകീർത്തിക്കുക. മനുഷ്യരിൽ ചിലർ പറയും; ഞങ്ങളുടെ രക്ഷിതാവേ, ഇഹലോകത്ത് ഞങ്ങൾക്ക് നീ (അനുഗ്രഹം) നൽകേണമേ എന്ന്. എന്നാൽ പരലോകത്ത് അത്തരക്കാർക്ക് ഒരു ഓഹരിയും ഉണ്ടായിരിക്കുന്നതല്ല" (2:200)

ഇവിടെ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയെ (ദിക്റിനെ) ശക്തവും ധാരാളവും എന്നിങ്ങനെ പ്രത്യേകം പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. ഒരു അടിമക്ക് അത് അത്രമാത്രം അത്യാവശ്യമാണ് എ

ന്നതുകൊണ്ടും അതില്ലാതെ കണ്ണ് ഇമവെട്ടുന്ന സമയം പോലും ധന്യമാവാൻ അവന് സാധ്യമല്ല എന്നതുകൊണ്ടുമാണത്. ഏതൊരു നിമിഷമാണോ ഒരു അടിമക്ക് അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയിൽ (ദിക്റിൽനിന്ന്) മുക്തമായ സമയം ഉള്ളത് അത് അവനുതന്നെയാണ് ദോഷവും ഭാരവുമായിട്ടു വരുന്നത്. അല്ലാഹുവിനെക്കുറിച്ചുള്ള അശ്രദ്ധയിലൂടെ അവൻ നേടുന്ന ഏത് ലാഭങ്ങളെക്കാളും കൊടിയനഷ്ടവും പരാജയവുമായിരിക്കും അതിലൂടെ അവന് വന്നുചേരുന്നത്.

സാത്വികരായ ചില പണ്ഡിതന്മാർ ഇങ്ങനെ പറഞ്ഞിട്ടുണ്ട്: "ഒരു അടിമ (അല്ലാഹുവിലേക്ക്) ഇന്നാലിന്ന പോലെയൊക്കെ നല്ല രൂപത്തിൽ ഒരു വർഷത്തോളം മുന്നിടുകയും എന്നിട്ട് ഒരുനിമിഷം അവനിൽനിന്ന് തിരിഞ്ഞുകളയുകയും ചെയ്തു എന്ന് കരുതുക. എങ്കിൽ അവന് നഷ്ടമായതാണ് അവൻ നേടിയെടുത്തതിനെക്കാൾ ഗുരുതരം."

ആഇശﷵയും അവരുടെ പിതാവ് അബൂബക്കർ സിദ്ദീക്വുംﷵ ഇപ്രകാരം നിവേദനം ചെയ്യുന്നു:"ആദമിന്റെ സന്തതിക്ക് അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയില്ലാതെ കഴിഞ്ഞുപോകുന്ന ഏതൊരു സമയത്തെക്കുറിച്ചും അന്ത്യനാളിൽ കൊടും ഖേദം തോന്നുന്നതാണ്" (ബൈഹകി 'ശുഅബുൽ ഈമാനി'ലും ത്വബ്റാനി 'ഔസത്വി'ലും അബൂനുഐം 'ഹിൽയ'യിലും ദുർബലമായ സനദിലൂടെ റിപ്പോർട്ട് ചെയ്തത് ഈ ഹദീഥ് ഉദ്ധരിച്ച ശേഷം ഇമാം ബൈഹകി(റഹി) ഇപ്രകാരം രേഖപ്പെടുത്തി: 'ഈ ഹദീഥിന്റെ പരമ്പരയിൽ ദുർബലതയുണ്ട്. എന്നാൽ ഇതിനെ ബലപ്പെടുത്തുന്ന സാക്ഷ്യറിപ്പോർട്ടുകൾ മുആദിﷵന്റെ ഹദീഥിലൂടെ വന്നിട്ടുണ്ട്).

നബിﷺയിൽനിന്ന് മുആദുബ്നു ജബൽﷵ നിവേദനം ചെയ്യുന്നു: 'അല്ലാഹുവിനെ സ്മരിക്കാതെ കഴിഞ്ഞുപോയ സമയത്തെക്കുറിച്ച് സ്വർഗവാസികൾ പോലും ഖേദിക്കുന്നതാണ്' (ബൈഹകി 'ശുഅബുൽ ഈമാനി'ൽ ഉദ്ധരിച്ചത്).

പ്രവാചക പത്നി ഉമ്മു ഹബീബﷵ പറയുന്നു: "നബിﷺ ഇപ്രകാരം പറഞ്ഞു: മനുഷ്യന്റെ ഏതൊരു സംസാരവും അവന് നഷ്ടമാണ് വരുത്തുക, പ്രത്യുത ലാഭമല്ല (നന്മ കൽപിച്ചതും തിന്മ വിരോധിച്ചതും അല്ലാഹുവിനെ പ്രകീർത്തിച്ചതും ദിക്ർ ഒഴികെ)" (തിർമിദി, ഇബ്നുമാജ, ഹാകിം മുതലായവർ ഉദ്ധരിച്ചത്).

മുആദുബ്നു ജബൽﷵ നിവേദനം: "നബിﷺയോട് ഞാനൊരിക്കൽ ചോദിച്ചു: 'കർമങ്ങളിൽ അല്ലാഹുവിന് ഏറ്റവും പ്രിയങ്കരമായത് ഏതാണ് നബിയേ?' നബിﷺ പറഞ്ഞു: 'നിന്റെ നാവ് അല്ലാഹുവിനെ പ്രകീർത്തിച്ചുകൊണ്ട് പച്ചപിടിച്ചതായിരിക്കെ നീ മരിക്കുക എന്നതാണ്' (ത്വബ്റാനി, ഇബ്നു ഹിബ്ബാൻ).

അബുദ്ദർദാഅ്ﷵ പറയുന്നു: "ഏതൊരു വസ്തുവിനും ഒരു തെളിച്ചമുണ്ട്. നിശ്ചയം, ഹൃദയങ്ങളുടെ തെളിച്ചം അല്ലാഹുവിനെ പ്രകീർത്തിക്കൽ (ദിക്ർ) ആണ്'' (ബൈഹകി 'ശുഅബുൽ ഈമാനി'ൽ ഉദ്ധരിച്ചത്).

നിസ്സംശയം, വെള്ളിയും ചെമ്പുമൊക്കെ ശുദ്ധീകരിക്കപ്പെടുന്നത് പോലെ ഹൃദയവും ശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്. അതിന്റെ ശുദ്ധീകരണം 'ദിക്ർ' കൊണ്ടാണ്. നിസ്സംശയം, 'ദിക്ർ' ഹൃദയത്തെ വെളുത്ത കണ്ണാടിപോലെ ശുദ്ധീകരിക്കുന്നതാണ്. എന്നാൽ റബ്ബിനെ പ്രകീർത്തിക്കൽ (ദിക്ർ) ഉപേക്ഷിക്കപ്പെട്ടാൽ അതിന് അഴുക്ക് പുരളും. എപ്പോൾ സ്തോത്ര കീർത്തനങ്ങൾ അർപ്പിക്കപ്പെടുന്നുവോ അപ്പോൾ അത് ആ അഴുക്കിനെ നീക്കികളയുകയും ചെയ്യും.

ഹൃദയത്തിന്റെ അഴുക്കും തുരുമ്പും രണ്ട് കാരണങ്ങൾകൊണ്ടാണ് ഉണ്ടാകുന്നത്; അശ്രദ്ധകൊണ്ടും പാപം കൊണ്ടും. അതിനെ ശുദ്ധീകരിക്കലും രണ്ട് സംഗതികൾ കൊണ്ടാണ്; ഇസ്തിഗ്ഫാർ (പൊറുക്കലിനെ തേടൽ) കൊണ്ടും സ്തോത്ര കീർത്തനങ്ങൾ (ദിക്ർ) കൊണ്ടും. ഒരാളുടെ അശ്രദ്ധയാണ് കൂടുതൽ സമയമെങ്കിൽ അഴുക്ക് അയാളുടെ ഹൃദയത്തിൽ അഴുക്കായി കുമിഞ്ഞുകൂടും. അഥവാ 'ദിക്റി'ൽ നിന്ന് അകന്നുകൊണ്ടുള്ള അശ്രദ്ധക്കനുസരിച്ചായിരിക്കും ഹൃദയത്തിലെ മാലിന്യങ്ങളുടെ വർധനവ്. മനസ്സ് അപ്രകാരം അഴുക്ക് കൂടിയതായാൽ വിജ്ഞാനങ്ങളുടെ സദ്ഫലങ്ങൾ അതിൽ ശരിയായ രൂപത്തിൽ പ്രതിഫലിക്കുകയില്ല. അപ്പോൾ നന്മയെ തിന്മയായും തിന്മയെ നന്മയായും ഒക്കെ തലതിരിഞ്ഞായിരിക്കും അയാൾ കാണുക. കാരണം അഴുക്കും കറകളും കുമിഞ്ഞുകൂടുമ്പോൾ അവിടെ പ്രകാശം നഷ്ടപ്പെട്ട് ഇരുട്ട് പരക്കും. അപ്പോൾ വസ്തുതകളെ ശരിയായരൂപത്തിൽ ദർശിക്കാനാവില്ല.

അഴുക്കുകൾ കുമിഞ്ഞുകൂടുകയും ഹൃദയം കറുത്തുപോവുകയും കറപുരണ്ട് മലീമസമാവുകയും ചെയ്യും. അതിന്റെ ഗ്രാഹ്യശക്തിയും കാര്യങ്ങളെ ശരിയായരൂപത്തിൽ വിലയിരുത്താനും കോലപ്പെടുത്താനുമൊക്കെയുള്ള കഴി

വും നഷ്ടമാകും. അപ്പോൾ സത്യം സ്വീകരിക്കാനോ അസത്യത്തെ തിരസ്കരിക്കാനോ സാധിക്കാതെ വരും. അതാണ് ഹൃദയത്തിന് സംഭവിക്കുന്ന മഹാദുരന്തം! അതിന്റെ അടിസ്ഥാനകാരണം 'ദിക്റി'ൽനിന്നും അകന്നുകൊണ്ടുള്ള അശ്രദ്ധ(ഗഫ്‌ലത്ത്)യും ദേഹച്ഛകളുടെ പിന്നാലെ പോകുന്നതുമാണ്. നിശ്ചയം! അവരണ്ടും ഹൃദയത്തിന്റെ പ്രകാശം കെടുത്തികളയുകയും അകക്കണ്ണിന്റെ കാഴ്ച നഷ്ടപ്പെടുത്തുകയും ചെയ്യും. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ-ആമീൻ.

അല്ലാഹു പറയുന്നു: "തങ്ങളുടെ രക്ഷിതാവിന്റെ മുഖം ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരുടെകൂടെ നീ നിന്റെ മനസ്സിനെ അടക്കിനിർത്തുക. ഇഹലോകജീവിതത്തിന്റെ അലങ്കാരം ലക്ഷ്യമാക്കിക്കൊണ്ട് നിന്റെ കണ്ണുകൾ അവരെ വിട്ടുമാറിപ്പോകാതിരിക്കട്ടെ. ഏതൊരുവന്റെ ഹൃദയത്തെ നമ്മുടെ സ്മരണയെവിട്ടു നാം അശ്രദ്ധമാക്കിയിരിക്കുന്നുവോ, ഏതൊരുവൻ തന്നിഷ്ടത്തെ പിന്തുടരുകയും അവന്റെ കാര്യം അതിരുകവിഞ്ഞതായിരിക്കുകയും ചെയ്തുവോ, അവനെ നീ അനുസരിച്ചു പോകരുത്" (ക്വുർആൻ 18:28).

ഒരാൾ ഏതെങ്കിലും ഒരാളെ മാതൃകയായി പിൻപറ്റാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ആദ്യമായി പരിശോധിക്കേണ്ടത് ആ വ്യക്തി അല്ലാഹുവിനെ സ്മരിക്കുന്ന വിജ്ഞാനത്തിന്റെയും 'ദിക്റി'ന്റെയും ആളാണോ അതല്ല അവയ്ക്ക് എതിർദിശയിലുള്ള അശ്രദ്ധയുടെ (ഗഫ്‌ലത്തിന്റെ) ആളാണോ എന്നതാണ്. അയാളെ നയിക്കുന്നത് അല്ലാഹുവിന്റെ വഹ്‌യാണോ ദേഹേച്ഛയാണോ എന്നും നോക്കണം. ദേഹേച്ഛക്കനുസരിച്ച് നീങ്ങുന്നവനാണ് അയാളെങ്കിൽ അശ്രദ്ധയുടെ ആളുകളിൽ പെട്ടവനായിരിക്കും അയാൾ. അയാളുടെ കാര്യം അതിരുവിട്ടതായിരിക്കും. ക്വുർആൻ 18:28ൽ പറഞ്ഞതുപോലെ അയാളെ അനുഗമിക്കുകയോ പിൻപറ്റുകയോ ചെയ്യാൻ പാടുള്ളതല്ല. കാരണം, നിസ്സംശയം അയാൾ നാശത്തിലേക്കായിരിക്കും കൂട്ടിക്കൊണ്ടുപോകുന്നത്.



'ഫുറുത്വ' എന്നത് പല രീതിയിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഒന്ന്, വീഴ്ചവരുത്തൽ എന്ന അർഥത്തിലാണ്. അതായത് അനിവാര്യമായും നിർവഹിക്കേണ്ട തന്റെ കാര്യങ്ങളിൽ വീഴ്ചവരുത്തുകയും അതിലൂടെ തന്റെ വിവേകവും വിജയവും അയാൾ നഷ്ടപ്പെടുത്തുകയും ചെയ്തു എന്ന് സാരം.

മറ്റൊന്ന് അതിരുകവിയൽ എന്ന അർഥത്തിലാണ്. അതായത് ധാരാളിത്തം കാണിക്കുകയും അതിരുകവിയുകയും ചെയ്തു എന്നർഥം. നാശത്തിൽ പെട്ടു, സത്യത്തിന് എതിരായി എന്നീ അർഥങ്ങളിലുംവിശദീകരിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരങ്ങളെല്ലാം തന്നെ പരസ്പരം അടുത്തുനിൽക്കുന്ന വാക്കുകളാണ്; അവ തമ്മിൽ വൈരുധ്യങ്ങളില്ല.

ചുരുക്കത്തിൽ ഈ സ്വഭാവങ്ങളുള്ള ആളുകളെ അനുസരിക്കുന്നതും മാതൃകയാക്കുന്നതും അല്ലാഹു വിലക്കിയിരിക്കുന്നു. അതിനാൽ ഏതൊരാളും തന്റെ നേതാവും മാതൃകയും ഗുരുവുമായി തെരഞ്ഞെടുക്കുന്നവരെക്കുറിച്ച് നല്ലവണ്ണം ആലോചിക്കണം. മേൽ പറയപ്പെട്ട ദുഃസ്വഭാവങ്ങളുടെ ഉടമയാണ് അയാളെങ്കിൽ എത്രയും പെട്ടെന്ന് അവിടെനിന്ന് അകന്നുപോവണം. ഇനി അതല്ല, അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും പ്രവാചകചര്യ പിൻപറ്റുകയും ചെയ്യുന്ന, അതിരുകവിച്ചിലുകളില്ലാത്ത, വിഷയങ്ങളെ അർഹിക്കുന്ന ഗൗരവത്തിലെടുക്കുന്ന ആളാണെങ്കിൽ അദ്ദേഹത്തിന്റെ ഉപദേശനിർദേശങ്ങൾ സ്വീകരിച്ചു മുന്നോട്ട് പോയ്കൊള്ളട്ടെ!

റബ്ബിനെ സ്മരിക്കുക (ദിക്ർ) എന്നുള്ളതാണ് ജീവനുള്ളവനും ജീവനില്ലാത്തവനും തമ്മിലുള്ള പ്രധാന വ്യത്യാസം. റബ്ബിനെ സ്മരിക്കുന്നവരുടെയും സ്മരിക്കാത്തവരുടെയും ഉപമ ജീവനുള്ളവരും ജീവനില്ലാത്തവരും പോലെയാണ്.

ഇമാം അഹ്മദിന്റെ മുസ്നദിൽ ഇങ്ങനെ ഒരു ഹദീഥ് വന്നിട്ടുണ്ട്: 'ഭ്രാന്തനാണെന്ന് പറയപ്പെടുവോളം നിങ്ങൾ അല്ലാഹുവിനെ സ്മരിച്ചുകൊള്ളുക.'

**ദിക്റിന്റെ മഹത്ത്വങ്ങൾ**

അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെ ധാരാളം നേട്ടങ്ങൾ കൈവരിക്കാവുന്നതാണ്:

1. പിശാചിനെ ആട്ടിയകറ്റാനും പരാജയപ്പെടുത്താനും സാധിക്കും.

2. പരമാകാരുണികനായ അല്ലാഹുവിനെ പ്രീതിപ്പെടുത്താൻ കഴിയും.

3. മനസ്സിൽനിന്ന് സങ്കടങ്ങളും ദുഃഖങ്ങളും ദൂരീകരിക്കാൻ സാധിക്കും.

4. മനസ്സിന് സന്തോഷവും ആഹ്ലാദവും ആശ്വാസവും അതിലൂടെ കൈവരുന്നു.

5. മനസ്സിനും ശരീരത്തിനും അത് കരുത്തുപകരും.

6. മുഖത്തെയും ഹൃദയത്തെയും അത് പ്രകാശിപ്പിക്കും.

7. ഉപജീവനം എളുപ്പമാക്കും.

8. റബ്ബിനെ ധാരാളമായി സ്മരിക്കുന്നവർക്ക് പ്രത്യേക പ്രസന്നതയും മാധുര്യവും ഗാഭീര്യവും ഉണ്ടാവും.

9. തീർച്ചയായും അത് ഇസ്‌ലാമിന്റെ ആത്മാവായ 'റബ്ബിനോടുള്ള സ്‌നേഹം' നമ്മിൽ ജനിപ്പിക്കും. അതാണല്ലോ മതത്തിന്റെ അച്ചുതണ്ടും ജീവിതവിജയത്തിന്റെയും രക്ഷയുടെയും കേന്ദ്രബിന്ദുവും. നിശ്ചയമായും അല്ലാഹു ഓരോ കാര്യത്തിലും ഓരോ കാരണങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സ്‌നേഹത്തിന്റെ കാരണമായി നിശ്ചയിച്ചത് നിരന്തരമായ സ്മരണയാണ്. അതിനാൽ ആരെങ്കിലും അല്ലാഹുവിന്റെ സ്‌നേഹം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവനെക്കുറിച്ചുള്ള സ്മരണ പതിവാക്കിക്കൊള്ളുക. പഠനവും 'റിവിഷനും' വിജ്ഞാനത്തിന്റെ വാതിലുകളാണ് എന്നപോലെ 'ദിക്ർ' സ്‌നേഹത്തിനുള്ള കവാടമാണ്. അതിലേക്കുള്ള ഏറ്റവും മഹത്തായ മാർഗവും ചൊവ്വായ പാതയുമാണ്.



10. റബ്ബിന്റെ നിരീക്ഷണത്തെക്കുറിച്ചുള്ള ബോധമുണ്ടാകും. അങ്ങനെ 'ഇഹ്‌സാനി'ന്റെ വാതിലിലൂടെ അത് അയാളെ പ്രവേശിപ്പിക്കും. അപ്പോൾ അല്ലാഹുവിനെ നേരിൽ കാണുന്നതുപോലെ ആരാധനകൾ അർപ്പിക്കാൻ സാധിക്കും. എന്നാൽ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണകളിൽനിന്ന് അകന്ന് അശ്രദ്ധനായി ജീവിക്കുന്ന ഒരാൾക്ക് ഈ പറയുന്ന 'ഇഹ്‌സാനി'ന്റെ തലത്തിലേക്ക് എത്താൻ യാതൊരു വഴിയുമില്ല; മടിയനായി ചടഞ്ഞിരിക്കുന്ന ഒരാൾക്ക് വീട്ടിലേക്ക് എത്താൻ സാധ്യമല്ലാത്തതുപോലെ.

11. അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങാൻ 'ദിക്ർ' അയാളെ സഹായിക്കും. 'ദിക്ർ' അധികരിപ്പിച്ചുകൊണ്ട് എത്രകണ്ട് അല്ലാഹുവിലേക്ക് ഒരാൾ മടങ്ങുന്നുവോ അത് തന്റെ ഹൃദയംകൊണ്ട് അല്ലാഹുവിലേക്ക് മടങ്ങാൻ സദാസമയവും അയാളെ പ്രാപ്തനാക്കും. അങ്ങനെവരുമ്പോൾ തന്റെ ഏത് കാര്യത്തിലുമുള്ള അഭയസ്ഥാനവും രക്ഷ കേന്ദ്രവും ആശയും ആശ്രയവുമായി അല്ലാഹുവിനെ അയാൾക്ക് കണ്ടെത്താനാവുന്നതാണ്. തന്റെ മനസ്സിന്റെ ലക്ഷ്യവും ആപത്തുകളിലും അപകടങ്ങളിലും തനിക്ക് ഓടിയെത്താനുള്ള ആശ്വാസസ്ഥലവുമായി അല്ലാഹുവിനെ അയാൾക്ക് കാണാൻ സാധിക്കും.

12. ദിക്റിലൂടെ അല്ലാഹുവിലേക്കുള്ള സാമീപ്യം നേടിയെടുക്കാൻ സാധിക്കുന്നു. ഒരാൾ എത്രകണ്ട് അല്ലാഹുവിനെ 'ദിക്ർ' ചെയ്യുന്നവനാണോ അത്രകണ്ട് അയാൾ അല്ലാഹുവിലേക്ക് അടുത്തവനായിരിക്കും. എത്ര കണ്ട് അശ്രദ്ധയുടെ (ഗഫ്‌ലത്ത്) ആളാണോ അത്രകണ്ട് അല്ലാഹുവിൽനിന്ന് അകന്നവനുമായിരിക്കും. **(അവസാനിച്ചില്ല)**

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com

ബാലപഥം



# വീട്

നമ്മൾക്കുണ്ടൊരു വീട്
നമ്മൾക്കുണ്ടൊരു കൂട്
ഉപ്പയും ഉമ്മയും ചേർന്നാൽ
വീടിന്നെന്തൊരു ചന്തം!
കൂടാനായി റൂമുകളും
ഓടാനായി വാതിലുകൾ
ഓടിച്ചെല്ലും നേരത്ത്
ഉമ്മതരുന്നൊരു പൊന്നുമ്മ,
പൂമുഖമുറിയിൽ കാണാമേ
നിറഞ്ഞിരിക്കും പുസ്തകവും.
ഇരുന്നിടാമേ സോഫകളിൽ,
കളിച്ചാടാമേ മുറ്റത്ത്.
വെയിലും മഴയും കൊള്ളാതെ
അകത്തിരിക്കാൻ ഈ കൂട്,
സുഖിച്ചിരിക്കും നേരത്ത്
റബ്ബിനെയോർക്കാം ശുക്റോടെ.

# മുറ്റം

വീടിന്നുണ്ടൊരു കളിമുറ്റം
നമ്മുടെ സ്വന്തം മൈതാനം
അരികിൽ നിറയെ ചെടികളുമായ്
അടുത്തു നിന്നാൽ അതിരസമാ.
ഇങ്ങോട്ടോടാം അങ്ങോട്ടോടാം
ഇക്കളി അക്കളി ബഹുരസമാ.
മഴ പെയ്യുമ്പോൾ പുഴയാകും
മഴ നിന്നാലോ മൈതാനം.
പുഴയിൽ തോണിയിറക്കുമ്പോൾ
നനഞ്ഞ തോണി മറിയുന്നു.
ഹാ... ഹാ... മുറ്റം എന്തു രസം,
നീയാണെന്റെ കളിമുറ്റം!





WISDOM ALIVE
COUNSELLING DESK

## ക്വാറന്റൈനിലാണോ?

## രോഗ ഭീതി മനസ്സിനെ അസ്വസ്ഥമാക്കുന്നുണ്ടോ?

# പരിഹാരമുണ്ട്

## Wisdom Alive ലേക്ക് വിളിക്കാം

### വിവിധ ജില്ലകളിൽ ബന്ധപ്പെടേണ്ട നമ്പറുകൾ

| | | |
|---|---|---|
| **കാസറഗോഡ്**<br>+919526749667<br>+918075011566 | **കണ്ണൂർ**<br>+919645099797<br>+9194474 11307 | **വയനാട്**<br>+919446990991<br>+919961215816 |
| **കോഴിക്കോട് നോർത്ത്**<br>+919895626691<br>+919567858078 | **കോഴിക്കോട് സൗത്ത്**<br>+918547853036<br>+919895356111 | **പാലക്കാട്**<br>+919656118833<br>+919847939173 |
| **മലപ്പുറം ഈസ്റ്റ്**<br>(നിലമ്പൂർ റീജ്യൺ)<br>+919447749005<br>+919995662305 | **മലപ്പുറം വെസ്റ്റ്**<br>(തിരൂർ റീജ്യൺ)<br>+919037159419<br>+917012095123 | **മലപ്പുറം നോർത്ത്**<br>(മലപ്പുറം റീജ്യൺ)<br>+919495889689<br>+919946199288 |
| **തൃശൂർ**<br>+919446222282<br>+917510580834 | **എറണാകുളം**<br>+918921655063<br>+918289880889 | **ഇടുക്കി**<br>+919946545193<br>+919037640858 |
| **ആലപ്പുഴ**<br>+919995310518<br>+918943464478 | **കൊല്ലം**<br>+919895786601<br>+919947802460 | **തിരുവനന്തപുരം**<br>+919526524467 |

WISDOM ALIVE COUNCELLING DESK

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 JULY 17

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play
Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | 918010068641992 |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ Donate ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും DONATE VIA UPI എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
Google Pay Paytm